## പ്രവർത്തനം 2

ഐക്യ കേരളമെന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ് ഇന്നത്തെകേരളം. കേരളസംസ്ഥാന രൂപീകരണത്തിന്റെ ചരിത്ര പശ്ചാത്തലത്തെകുറിച്ച് ഒരു അന്വേഷണകുറിപ്പ് തയ്യാറാക്കുക.

***ചർച്ചാസൂചകങ്ങൾ***

* ഐക്യകേരളസംയുക്തയോഗങ്ങൾ
* ഭാഷാസംസ്ഥാന കമ്മീഷൻ
* കൊച്ചി-തിരുവിതാംകൂർസംയോജനം
* ശ്രീരാമലുവിന്റെ ജീവത്യാഗം
* സംസ്ഥാന പുനഃസംഘടാന കമ്മീഷൻ റിപ്പോർട്ട്
* സംസ്ഥാന പുനസംഘടന നിയമം
* 1 956 നവമ്പർ 1 കേരളം രൂപീകരണം.

## പ്രവർത്തനം-3

1956 ലെ സംസ്ഥാന പുനഃസംഘടനക്ക് മുമ്പുള്ളതും സംസ്ഥാന പുനഃസംഘടനക്ക് ശേഷമുള്ളലതുമായ ഭൂപടങ്ങൾ താഴെ കൊടുത്തിരിക്കുന്നു. താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ കണ്ടെത്തുക.




CWSN ഭൂപട പ്രദർശനം-സഹപഠിതാക്കളുടെ സഹായം

***സൂചന***

* സംസ്ഥാന പുനഃ സംഘടനയ്ക്കുമുമ്പുള്ള കേരളത്തിന്റെ തെക്കെ അറ്റത്തുള്ള ജില്ല കന്യാകുമാരിയായിരുന്നു. പുനഃ സംഘടനക്കുശേഷം തെക്കെ അറ്റത്തെ ജില്ല തിരുവനന്തപുരമായി.
* പുനസംഘടനക്കുശേഷം മലബാർ കേരളത്തോട് ചേരുകയും വടക്കെ അറ്റത്തുള്ള ജില്ല കാസർകോട് ആയി മാറുകയും ചെയ്തു.

## പ്രവർത്തനം-4

ഐക്യകേരളത്തിലെ പ്രഥമ സർക്കാരിനെക്കുറിച്ചും കൂട്ടുകക്ഷി മന്ത്രിസഭ രൂപംകൊള്ളാൻ ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചുമുള്ള വസ്തുതകൾ കണ്ടെത്തുക.

പ്രഥമ മന്ത്രിസഭ- പ്രവർത്തനങ്ങൾ-മന്ത്രിസഭ അംഗങ്ങൾ-ചർച്ച-ക്രോഡീകരണം-കുട്ടുകക്ഷി മന്ത്രി സഭാ പ്രവർത്തനങ്ങൾ

***ചർച്ചസൂചകങ്ങൾ***

1957-ലെ പൊതുതിരഞ്ഞെടുപ്പ്

ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഗവൺമെന്റ്

തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭ

1958 ലെ കാർഷിക ബന്ധബിൽ, വിദ്യാഭ്യാസ ബിൽ

വിമോചനസമരം

1959 ൽ മന്ത്രിസഭ പിരിച്ചുവിട്ടു-പ്രസിഡണ്ടു ഭരണം-

കൂട്ടുകക്ഷി ഭരണം

***സൂചന***

**പ്രഥമ മന്ത്രിസഭയിലെ അംഗങ്ങൾ**

ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്
ടി.വി.തോമസ്
ജോസഫ് മുണ്ടശ്ശേരി
വി.ആർ.കൃഷ്ണയ്യർ
കെ.ആർ.ഗൗരിയമ്മ
എ.ആർ.മേനോൻ
സി.കെ.ജോർജ്ജ്
കെ.പി.ഗോപാലൻ
ടി.എ.മജീദ്
ചാത്തൻമാസ്റ്റർ

**വിദ്യാഭ്യാസ ബിൽ** : വിദ്യാഭ്യാസ രംഗത്ത് സാമൂഹിക ഉത്തരവാദിത്വം, സ്വകാര്യ മാനേജ്മെന്റിന് നിയന്ത്രണം
**കാർഷിക ബന്ധബിൽ**: എല്ലാവർക്കും ഭൂമി, ഭൂമിക്ക് പരിധി നിശ്ചയിക്കൽ

കേരളപിറവിക്ക് ശേഷം നിലവിൽ വന്ന മന്ത്രിസഭകളെക്കുറിച്ചുള്ള വിവര ശേഖരണം നടത്തുക. പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നു മന്ത്രിമാർ ആരെല്ലാമെന്നു കണ്ടെത്തുക.

........................................................................................

........................................................................................

**പ്രവർത്തനം-5**

ഭൂപരിഷ്കരണങ്ങൾ കേരളീയ സമൂഹത്തിൽ നിരവധി-സ്വാധീനങ്ങൾ ചെലുത്തിയിണ്ട് -ഈ പരീക്ഷണങ്ങളുടെ ലക്ഷ്യങ്ങളും പ്രത്യാഘാതങ്ങളും കണ്ടെത്തുക-പൊതുചർച്ച -തുടർന്ന് താഴെ കൊടുത്ത പട്ടിക വിപുലപ്പെടുത്തുക.

| ലക്ഷ്യങ്ങൾ | പ്രത്യാഘാതങ്ങൾ |
|---|---|
| ⁕ കുടിശ്ശികക്കാർക്ക് പത്ത് സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പതിച്ചുകൊടുക്കൽ | ⁕ ഭൂമി പാട്ടത്തിന് കൊടുക്കുന്നത് നിയമവിരുദ്ധമാക്കി. |
| ................................................................................ | ................................................................................ |
| ................................................................................ | ................................................................................ |

***സൂചകങ്ങൾ***

- ⁕ ജന്മി-കുടിയാൻ ബന്ധം റദ്ദാക്കൽ
- ⁕ കൈവശഭൂമിക്ക് പരിധി നിർണ്ണയിക്കൽ
- ⁕ ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം.
- ⁕ ജന്മിമാർ എന്ന വിഭാഗം ഇല്ലാതായി
- ⁕ പാട്ടഭൂമി കുടിയാൻമാർക്ക് നൽകി.
- ⁕ വൻകിട ഭൂവുടമകൾ മിച്ചഭൂമി വിറ്റ് കാശാക്കി.

* കാർഷിക രംഗത്തെ ചൂഷണം ഇല്ലാതാക്കൽ
* സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കൽ
* ലക്ഷക്കണക്കിന് ആളുകൾക്ക് കിടപ്പാടം ഉണ്ടായി.
* കുടികിടപ്പുകാർക്ക് 10 സെന്റുവരെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭിച്ചു

| | | |
|---|---|---|
| 1958 | – | കാർഷിക ബന്ധബിൽ |
| 1960 | – | സമഗ്ര കാർഷിക ബന്ധബിൽ |
| 1964 | – | കേരള ഭൂപരിഷ്കരണ നിയമം |
| 1969 | – | കേരള ഭൂപരിഷ്കരണ ഭേദഗതി |
| 1970 | – | ജന്മിത്ത സമ്പ്രദായം അവസാനിച്ചു. |

**പ്രവർത്തനം-6**

കേരളത്തിന്റെ വ്യാവസായിക പിന്നാക്കാവസ്ഥക്കുള്ള കാരണങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചുമുള്ള കാരണങ്ങൾ-ഗ്രൂപ്പ് ചർച്ച-ശേഷം പട്ടിക വിപുലപ്പെടുത്തുക.

| കാരണങ്ങൾ | പരിഹാരങ്ങൾ |
|---|---|
| * പ്രാപ്തരായ വ്യവസായ സംരംഭകരുടെ അഭാവം.<br>* തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ<br>..........<br>.......... | * ഓരോ പ്രദേശത്തും അനുകൂലമായ വ്യവസായങ്ങൾ ആരംഭിക്കുക<br>* വ്യാവസായിക മേഖലയിലെ അമിതമായ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കുക<br>..........<br>.......... |

***സൂചകങ്ങൾ***

* വ്യാവസായിക അന്തരീക്ഷമില്ലായ്മ
* മൂലധന ദൗർല്ലഭ്യം
* ഉപഭോക്തൃ സംസ്കാരത്തിന്റെ കടന്നുകയറ്റം
* വിദഗ്ദ തൊഴിലാളികളുടെ അഭാവം
* ആസൂത്രണത്തിലെ പിഴവുകൾ
* ഊർജ്ജ പ്രതിസന്ധി
* താപവൈദ്യുതി
* മറ്റ് ഊർജ്ജ സ്രോതസ്സുകൾ (തിരമാലകൾ/കാറ്റ്/തെർമൽ)
* അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
* ഉത്പാദക സമൂഹമായി മാറുക
* പ്രകൃതി വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുക
* ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

**പ്രവർത്തനം-7**

വ്യവസായ മേഖലയുടെ പിന്നാക്കാവസ്ഥ കേരളത്തിന്റെ ഏതൊക്കെ മേഖലകളിൽ പ്രയാസങ്ങൾ നേരിടുന്നു.

ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുക-ക്രോഡീകരണം-ചാർട്ട് പ്രദർശിപ്പിക്കുക

***സൂചന:***

രൂക്ഷമായ തൊഴിലില്ലായ്മ
പ്രതിശീർഷ വരുമാനം കുറവ്
ഭക്ഷ്യ വസ്തുക്കളുടെ ഇറക്കുമതി വർദ്ധിപ്പിക്കുന്നു.
ഉപഭോഗ സമൂഹമായി മാറുന്നു.
ഗവ:സാമ്പത്തിക സ്ഥിതി മോശമാകുന്നു

CWSN ചാർട്ട് പ്രദർശനം...... പീർ ഗ്രൂപ്പ് വർക്ക്

## പ്രവർത്തനം -8

സാമ്പത്തിക പിന്നോക്കാവസ്ഥയിലും ആരോഗ്യ മേഖലയിൽ വളരെയേറെ നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കേരള ആരോഗ്യ മാതൃക അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ നേട്ടങ്ങളും പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തുക.

കേരളത്തിലെ ആരോഗ്യ മേഖലയിലെ നേട്ടങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും ചർച്ച നടത്തുക. തുടർന്ന് പട്ടിക വിപുലപ്പെടുക.

| നേട്ടങ്ങൾ | പ്രശ്നങ്ങൾ | പ്രതിവിധികൾ/പരിഹാരങ്ങൾ |
|---|---|---|
| ശിശുമരണ നിരക്ക് കുറച്ചു<br>........................................... | വർദ്ധിച്ച ആരോഗ്യ പരിപാലന ചെലവ്<br>........................................................... | ശുചിത്വബോധം വളർത്തുക<br>..................................................... |
| ***സൂചനകൾ*** | | |
| ❋ ഉയർന്ന ആയുർദൈർഘ്യം | ❋ നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളുടെ തിരിച്ചുവരവ് | ❋ സമ്പൂർണ്ണ ശുചിത്വ പദ്ധതി |
| ❋ ജനന നിരക്ക് കുറച്ചു | | ❋ ഗവ: ശക്തമായ ഇടപെടൽ |
| ❋ മാരകരോഗങ്ങൾ ഇല്ലാതാക്കി | ❋ പുതിയ രോഗങ്ങളുടെ ആവിർഭാവം | ❋ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക |
| ❋ പോളിയോ വിമുക്തമാക്കി | ❋ പകർച്ചവ്യാധികളുടെ ആഗമനം | ❋ പ്രൈമറി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമാക്കുക. |
| ❋ പൊതുജനാരോഗ്യ സംവിധാനം | | |
| ❋ ഗവ: ശക്തമായ ഇടപെടൽ | ❋ 30%ത്തിലധികം പേർക്ക് വൈദ്യസഹായം ലഭിക്കാത്ത അവസ്ഥ | ❋ പൊതുജനാരോഗ്യ സംവിധാനം ശക്തമാക്കുക<br>❋ രാഷ്ട്രീയ പാർട്ടികളുടെ കൂട്ടായ്മ<br>❋ സന്നദ്ധ സംഘടനകളുടെ കാര്യക്ഷമമായ ഇടപെടൽ<br>❋ ബോധവൽക്കരണം |

## പ്രവർത്തനം-9

വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ, സാഹചര്യങ്ങൾ, ഈ മേഖലയിലെ പ്രശ്നങ്ങൾ ഇവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക. തുടർന്ന് പട്ടിക വിപുലപ്പെടുത്തുക.

| നേട്ടങ്ങൾ | സാഹചര്യങ്ങൾ | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|---|
| സൗജന്യവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം<br>.............................. | മിഷനറിമാരുടെ നേതൃത്വത്തിൽ നടന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ<br>................................. | വിദ്യാഭ്യാസ ചെലവുകൾ വർദ്ധിക്കുന്നു.<br>.......................... | ഗവ: ശക്തമായ ഇടപെടൽ<br>............................... |

***സൂചകങ്ങൾ-നേട്ടങ്ങൾ***

- ❋ 5 വയസ്സ് പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും സ്കൂളിൽ എത്തുന്ന എക സംസ്ഥാനം.
- ❋ വിദ്യാഭ്യാസ സമ്പ്രദായം
- ❋ സ്കൂൾ വിദ്യാഭ്യാസം സമ്പൂർണ്ണവും സൗജന്യവുമാക്കി
- ❋ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി

* പൊതുവരുമാനത്തിന്റെ വലിയ പങ്ക് വിദ്യാഭ്യാസ മേഖലക്ക്
* പ്രത്യേക വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ
* സംവരണം
* വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവകലാശാലകളും വർദ്ധിപ്പിച്ചു.
* സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന സംവിധാനങ്ങൾ
* 1957 ലെ കെ.ഇ.ആർ.നിയമം
* വിവര സാങ്കേതിക വിദ്യ പാഠ്യ വിഷയമാക്കി
* സാക്ഷരതാ പ്രവർത്തനങ്ങൾ
* ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ

***സാഹചര്യങ്ങൾ***

* കേരള രൂപീകരണത്തിന് മുമ്പുതന്നെ വിദ്യാഭ്യാസത്തിന് നൽകിയ പ്രോത്സാഹനങ്ങൾ
* സാമൂഹികപ്രസ്ഥാനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ
* വിവിധ കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ നിയമങ്ങൾ
* വിദ്യാഭ്യാസ മേഖലക്ക് കൂടുതൽ ധനസഹായം നീക്കിവെച്ചത്.

***പരിഹാരങ്ങൾ***

* അമിതമായ സ്വകാര്യവൽക്കരണം തടയുക
* ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള പരിപാടികൾ
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക
* മെച്ചപ്പെട്ട കോഴ്സുകൾ ലഭ്യമാക്കുക
* കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുക
* സ്കോളർഷിപ്പുകൾ വിപുലീകരിക്കുക
* സ്കൂളുകളിൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുക
* സേവന സംഘടനകളുടെ ഇടപെടൽ

## പ്രവർത്തനം-10

വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം സാംസ്കാരികോന്നമനം നേടിയ പൗരസമൂഹത്തെ സൃഷ്ടിക്കുക എന്നതാണ്-സംഗീതം, സാഹിത്യം, രംഗകല, ചിത്രകല തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിന് കേരളത്തിൽ വിവിധ അക്കാദമികൾ രൂപീകരിച്ചിട്ടുണ്ട്.

കേരള ലളിതകലാ അക്കാദമി
കേരള സാഹിത്യ അക്കാദമി
കേരള കലാമണ്ഡലം
കേരള സംഗീത നാടക അക്കാദമി

ഇത്തരം അക്കാദമികളെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കുക-അക്കാദമികൾ രൂപീകരിച്ച വർഷം,കേന്ദ്രങ്ങൾ, ഏത് മേഖലകളിൽ, പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുക.

| | വർഷം | കേന്ദ്രങ്ങൾ | പ്രവർത്തനമേഖലകൾ |
|---|---|---|---|
| കേരള ലളിതകലാ അക്കാദമി | | | |
| കേരള സാഹിത്യ അക്കാദമി | | | |
| കേരള കലാ മണ്ഡലം | | | |
| കേരള സംഗീത നാടക അക്കാദമി | | | |

ചാർട്ട് പ്രദർശിപ്പിക്കുക.

## പ്രവർത്തനം-11

1994 ൽ കേരള നിയമസഭ പാസാക്കിയ കേരള പഞ്ചായത്തീരാജ് ബിൽ അധികാര വികേന്ദ്രീകരണ പ്രക്രിയയിലേക്കുള്ള സുപ്രധാന കാൽവെയ്പ്പായിരുന്നു. അധികാര വികേന്ദ്രീകരണവും പ്രാദേശികാസൂത്രണ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കി. തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന

തായിരുന്നു കേരള വികസന പദ്ധതിയുടെ ഉദ്ദേശം.

കേരള വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെ ?. കേരളത്തിന്റെ വികസന പ്രതിസന്ധികൾ പരിഹാര മാർഗ്ഗങ്ങൾ എന്നിവ കണ്ടെത്തുക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് പൊതു ചർച്ച നടത്തുക- തുടർന്ന് കേരള വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ, പ്രതിസന്ധികൾ, പരിഹാരങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട് പ്രദർശിപ്പിക്കുക.

| ലക്ഷ്യങ്ങൾ | പ്രതിസന്ധികൾ | പരിഹാരങ്ങൾ |
|---|---|---|
| * സുസ്ഥിരമായ പ്രാദേശിക വികസനം | * സാമ്പത്തിക പിന്നോക്കാവസ്ഥ വ്യാവസായിക പിന്നോക്കാവസ്ഥ ജലദൗർലഭ്യം | * കൂടുതൽ നിക്ഷേപം കണ്ടെത്തുക. |
| ***സൂചനകൾ***<br>* എല്ലാ തലത്തിലും ജനകീയ പങ്കാളിത്തം<br>* വ്യക്തമായ വികസന തന്ത്രം | * വൈദ്യുതി ദൗർലഭ്യം<br>* മൂലധനത്തിന്റെ അപര്യാപ്തത<br>* വ്യവസായ സംരംഭകരുടെ അഭാവം | * ഉല്പാദക സമൂഹമായി മാറുക<br>* കാർഷികമേഖലക്ക് പ്രാധാന്യം |

| ലക്ഷ്യങ്ങൾ | പ്രതിസന്ധികൾ | പരിഹാരങ്ങൾ |
|---|---|---|
| * പാഴ്ചെലവുകൾ ഇല്ലാതാക്കുക<br>* കാര്യക്ഷമത വർദ്ധിപ്പിക്കുക<br>* പ്രാദേശിക വികസനം | * കാർഷിക രംഗത്തെ വെല്ലുവിളികൾ<br>* കാർഷിക വിളകളുടെ വിലയിടിവ്<br>* ഉപഭോഗ സമൂഹം<br>* ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ<br>* രാഷ്ട്രീയ അരക്ഷിതാവസ്ഥ | * ഉല്പാദനം വർദ്ധിപ്പിക്കുക.<br>* പൊതുജനാരോഗ്യ സംവിധാനം ശക്തമാക്കുക.<br>* ഊർജ്ജ പ്രതിസന്ധി പരിഹരിക്കുക<br>* ശാസ്ത്രീയമായ മാർഗങ്ങൾ സ്വീകരിക്കുക<br>* ഉദ്യോഗസ്ഥരുടെ കാര്യക്ഷമത<br>* വികസനത്തിൽ രാഷ്ട്രീയ കൂട്ടായ്മ |

**പ്രവർത്തനം-12**

ഭൂപരിഷ്കരണങ്ങളും വിദ്യാഭ്യാസ പരിഷ്കരണങ്ങളും പിൽക്കാലത്ത് കേരള സമൂഹത്തിൽ നിരന്തര സ്വാധീനം ചെലുത്തിയിട്ടുണ്ട്. കൂടുതൽ വസ്തുതകൾ കണ്ടെത്തി താഴെ കൊടുത്തിരിക്കുന്ന പട്ടിക വിപുലപ്പെടുത്തുക.

| മേഖലകൾ | സ്വാധീനങ്ങൾ |
|---|---|
| ഭൂപരിഷ്കരണം | എല്ലാവർക്കും സ്വന്തമായി ഭൂമി<br>........................................................................<br>........................................................................ |
| വ്യവസായം | അനുകൂലമായ വ്യവസായ അന്തരീക്ഷം<br>........................................................................................<br>........................................................................................ |
| ആരോഗ്യം | ആയുർദൈർഘ്യം വർദ്ധിച്ചു.<br>........................................................................................<br>........................................................................................ |

| മേഖലകൾ | സ്വാധീനങ്ങൾ |
|---|---|
| വിദ്യാഭ്യാസം | എല്ലാവർക്കും വിദ്യാഭ്യാസം<br>..................................................................<br>.................................................................. |
| സാംസ്കാരികം | സാംസ്കാരിക സ്ഥാപനങ്ങളുടെ ആവിർഭാവം<br>..................................................................................<br>.................................................................................. |

## തുടർ പ്രവർത്തനങ്ങൾ

1. പോറ്റി ശ്രീരാമലുവിന്റെ ജീവാഹൂതിയാണ് കേരളപ്പിറവിക്ക് കാരണമെന്ന് ക്ലാസ്സിൽ നടന്ന സംവാദത്തിൽ അഖിൽ തറപ്പിച്ചു പറയുന്നു. ഇത് ശരിയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.
   ഉത്തര സൂചന : ശരിയല്ല.
   കേരള സംസ്ഥാന രൂപീകരണത്തിനിടയാക്കിയ കാരണങ്ങൾ കണ്ടെത്തുക.
2. കേരള പിറവിക്ക് ശേഷം നടപ്പിലാക്കിയ ഭൂപരിഷ്കരണങ്ങൾ കേരളീയ സമൂഹത്തിൽ നിരവധി സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് സുരേഷ് അഭിപ്രായപ്പെട്ടു. ഈ പരിഷ്കരണങ്ങളുടെ ലക്ഷ്യങ്ങളും പ്രത്യാഘാതങ്ങളും എന്തൊക്കെയെന്ന് കണ്ടെത്തുക.
   സൂചന : പ്രവർത്തനം 5
3. കേരളത്തിന്റെ വ്യവസായിക മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങളും അവയ്ക്ക് പരിഹാരങ്ങളും നിർദ്ദേശിക്കുക.
   സൂചന : പ്രവർത്തനം 6
4. കേരള ആരോഗ്യ മാതൃക അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും കേരളത്തിലെ ആരോഗ്യ മേഖല ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്ന അഭിപ്രായം പരിശോധിച്ച് അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുക.
   സൂചന : പ്രവർത്തനം 8
5. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. ഈ നേട്ടങ്ങൾ ഇന്ന് നേരിടുന്ന പ്രതിസന്ധികൾ കണ്ടെത്തി അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുക.
   സൂചന : പ്രവർത്തനം 9
6. എ, ബി, സി കോളങ്ങൾ ശരിയായി യോജിപ്പിക്കുക.

| A | B | C |
|---|---|---|
| കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി | സമ്പൂർണ്ണ സാക്ഷരത | ചെറുതുരുത്തി |
| കർഷക ബന്ധ ബിൽ | ചിത്രകല | ജനകീയാസൂത്രണം |
| പഞ്ചായത്ത് രാജ് ബിൽ | കഥകളി | 1958 |
| കേരള ലളിതകലാ അക്കാദമി | ഇ.എം.എസ്. നമ്പൂതിരിപ്പാട് | കമ്മ്യൂണിസ്റ്റ് മന്ത്രിസഭ |
| കേരളകലാമണ്ഡലം | അധികാര വികേന്ദ്രീകരണം | 1991 |

7. ടൈം ലൈൻ തയ്യാറാക്കുക

| | |
|---|---|
| 1957 | കേരളത്തിലെ പ്രഥമ മന്ത്രിസഭ |
| 1955 | സംസ്ഥാന പുനഃസംഘടനാ നിയമം |
| 1948 | ഭാഷാ സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ട് |
| 1949 | ഐക്യകേരള കൺവെൻഷൻ |
| 1956 | എസ്.കെ.ധർ കമ്മീഷൻ |




8. ടൈം ലൈൻ തയ്യാറാക്കുക

| | |
|---|---|
| 1958 | കേരളം സമ്പൂർണ്ണ സാക്ഷരത നേടി |
| 1994 | കേരള സംഗീത നാടക അക്കാദമി |
| 1962 | ആന്ധ്ര സംസ്ഥാന രൂപീകരണം |
| 1991 | കേരള ലളിതകലാ അക്കാദമി |
| 1953 | കേരള പഞ്ചായത്ത് രാജ് ബിൽ |




## CE **പ്രവർത്തനം**

കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ-പരിഹാരങ്ങൾ-ഈ വിഷയത്തെ അടിസ്ഥാനമാക്കി ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

സൂചന : പ്രവർത്തനങ്ങൾ 8, 9

**5**

# വ്യക്തിയും സമൂഹവും

## ആമുഖം

സാമൂഹ്യ ജീവിതക്രമത്തിന്റെ വളർച്ചയും വികാസവുമാണ് ഒരു വ്യക്തിയുടെ ജീവിതക്രമത്തെ ചിട്ടപ്പെടുത്തുന്നത്. വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പര പൂരകമായ ബന്ധങ്ങളാണ് വ്യക്തിത്വ വികാസത്തിന്റെ അടിസ്ഥാന ഘടകം. പരിസ്ഥിതിയും പാരമ്പര്യവും വ്യക്തിത്വ രൂപീകരണത്തിൽ പ്രധാന പങ്കു വഹിക്കുന്നു. സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾ വ്യക്തിത്വ വികാസത്തിന് ശാസ്ത്രീയമായ ദിശാബോധം നൽകുകയും കുറ്റവാസനകൾ ഉൾപ്പെടെയുള്ള സാമൂഹ്യ വിരുദ്ധമായ പ്രവണതകളെ തടഞ്ഞു നിർത്തുകയും ചെയ്യുന്നു. വ്യക്തി സ്വാതന്ത്ര്യവും ജനാധിപത്യ സമൂഹ ക്രമവും തുല്യതയും സമൂഹത്തിൽ നിലനിൽക്കേണ്ടത് വ്യക്തിത്വ വികാസത്തിന് അനിവാര്യമാണെന്നും അവ സാമൂഹ്യ പുരോഗതിക്ക് ആവശ്യമാണെന്നുമുള്ള ധാരണ ഉണ്ടാക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിലൂടെ കുട്ടികളിലേക്കെത്തിക്കേണ്ടത്.

***പ്രധാന ആശയങ്ങൾ***

1. ഒരു വ്യക്തിയുടെ വിചാര വ്യവഹാര തലങ്ങളെ നിർണയിക്കുന്ന വ്യവസ്ഥയാണ് വ്യക്തിത്വം
2. ജനിതക ഘടകങ്ങൾ വ്യക്തിത്വ രൂപീകരണത്തെ സ്വാധീനിക്കുന്നു
3. വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഘടകമാണ് പരിസ്ഥിതി
4. സാമൂഹ്യ- സംസ്കാരിക ഘടകങ്ങൾ വ്യക്തിയുടെ സ്വഭാവ രൂപീകരണത്തെ സഹായിക്കുന്നു.
5. സാമൂഹീകരണ പ്രക്രിയയെ സഹായിക്കുന്ന ഘടകങ്ങളാണ് കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പീർഗ്രൂപ്പ്, മാധ്യമങ്ങൾ, മതം എന്നിവ
6. ബ്യൂറോക്രസി, പോലീസ്, കോടതി, ജയിൽ തുടങ്ങിയവ സാമൂഹ്യ നിയന്ത്രണത്തിനുള്ള ഔപചാരിക സംവിധാനങ്ങളാണ്
7. അനൗപചാരിക ഏജൻസികളും സാമൂഹിക നിയന്ത്രണം സാധ്യമാക്കുന്നു.
8. സാമൂഹീകരണവും സാമൂഹീക നിയന്ത്രണവും മനുഷ്യ സമൂഹത്തിന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ്.

## പ്രവർത്തനങ്ങൾ

### പ്രവർത്തനം 1

ഒരാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ജനിതക ഘടകങ്ങൾ കണ്ടെത്തി പദസൂര്യൻ പൂർത്തീകരിക്കുക




സൂചന:പേജ്......136

**CWSN ചാർട്ട് പ്രദർശനം.....പീർ ഗ്രൂപ്പ് വർക്ക്**

### പ്രവർത്തനം-2

വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ കണ്ടെത്തുകയും പട്ടികപ്പെടുത്തുകയും ചെയ്യുക.

ഭൂമിശാസ്ത്ര ഘടകങ്ങൾ — [ ] — [ ] — [ ] — [ ] — [ ]

**പ്രവർത്തനം-3**

സാമൂഹീകരണ പ്രക്രിയയിൽ വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി ചാർട്ട് പൂർത്തിയാക്കുക.

| ഏജൻസി | സാമൂഹീകരണ പ്രക്രിയ |
|---|---|
| കുടുംബം | |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | |
| പീർ ഗ്രൂപ്പ് | |
| മാധ്യമം | |
| മതം | |

***സൂചന:***

| ഏജൻസി | സാമൂഹീകരണ പ്രക്രിയ |
|---|---|
| കുടുംബം | * വ്യക്തിയുടെ സ്വഭാവ രൂപീകരണത്തെ സ്വാധീനിക്കുന്നു.<br>* ജീവിത മൂല്യങ്ങൾക്ക് അടിത്തറയിടുന്നു |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | * ജീവിത ദർശനം രൂപപ്പെടുത്തുന്നു<br>* ആത്മവിശ്വാസം വളർത്തുക<br>* സേവന സന്നദ്ധത ഉണർത്തുന്നു<br>* ദേശീയ ബോധം വളർത്തുന്നു<br>* സേവന സന്നദ്ധത ഉണർത്തുന്നു<br>* ജനാധിപത്യപരമായ ഇടപെടലുകളുടെ ആരംഭം<br>* അച്ചടക്കം<br>* ത്യാഗം<br>* വിനയം<br>* പരസ്പര സ്നേഹം |
| സമാന വയസ്കരുടെ സംഘം (പീർ ഗ്രൂപ്പ്) | * നിലപാടുകളിൽമാറ്റം വരുത്താൻ പ്രേരിപ്പിക്കുന്നു<br>* വ്യക്തിത്വ വികാസത്തെ സ്വാധീനിക്കുന്നു<br>* സഹിഷ്ണുത, സഹവർത്തിത്തം മുതലായ കഴിവുകൾ ആർജ്ജിക്കുന്നു |
| മാധ്യമങ്ങൾ | * സംസ്കാരികമൂല്യങ്ങൾ പ്രചരിപ്പിക്കുന്നു<br>* സാമൂഹ്യ ബോധം വളർത്തുന്നു<br>* ചിന്താധാരകളെ ഉദ്ദീപിപ്പിക്കുന്നു<br>* അഭിപ്രായ രൂപീകരണത്തെ സ്വാധീനിക്കുന്നു<br>* വിജ്ഞാനവ്യാപനം<br>* വിനോദം<br>* അജ്ഞത അകറ്റുന്നു |
| മതം | * ജീവിത രീതികളെ ചിട്ടപ്പെടുത്തുന്നു<br>* വിശ്വാസങ്ങളിലും നിലപാടുകളിലും സ്വാധീനം ചെലുത്തുന്നു<br>* ആചാരാനുഷ്ഠാനങ്ങൾ പഠിപ്പിക്കുന്നു<br>* മൂല്യബോധം വളർത്തുന്നു<br>* സഹാനുഭൂതി വളർത്തുന്നു |

**CWSN സഹപഠിതാക്കളുടെയും അധ്യാപകരുടെയും സഹായം**

**പ്രവർത്തനം-4**

താഴെകൊടുത്തിരിക്കുന്ന ഏജൻസികളെ പ്രവർത്തന രീതികളെ ആസ്പദമാക്കി ഔപചാരികം അനൗപചാരികം എന്നിങ്ങനെ തരം തിരിക്കുക.

* വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥ സംവിധാനം, പോലീസ്, ജയിൽ, പട്ടാളം, മത സ്ഥാപനങ്ങൾ, ആചാരങ്ങൾ, മര്യാദകൾ, വിലക്കുകൾ, സന്നദ്ധ സംഘടനകൾ

**പ്രവർത്തനം-5**

സാമൂഹിക നിയന്ത്രണത്തിൽ ഔപചാരിക ഏജൻസികളും അനൗപചാരിക ഏജൻസികളും ചെയ്യുന്ന പ്രവർത്തനങ്ങളെ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക.

| ഔപചാരിക ഏജൻസികൾ | അനൗപചാരിക ഏജൻസികൾ |
|---|---|
| * സാമൂഹിക നിയന്ത്രണം നിയമങ്ങൾ വഴി | * സ്വയംബോധത്തിലൂടെ സാമൂഹിക നിയന്ത്രണം |
| * ബല പ്രയോഗം | * ബലപ്രയോഗമില്ല |
| * ഔപചാരിക ശിക്ഷകൾ | * ഔപചാരിക ശിക്ഷകളില്ല |
| * ഭയപ്പെടുത്തലുകൾ | * ഭയപ്പെടുത്തലുകളില്ല |

**പ്രവർത്തനം-6**

താഴെപ്പറയുന്ന സൂചനകൾ പരിശോധിച്ച് ഒരാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുക

1 ത്വക്കിന്റെ നിറം
2 ശരീരത്തിന്റെ വലിപ്പം
3 കാലാവസ്ഥ
4 രാഷ്ട്രീയ അന്തരീക്ഷം

| പാരമ്പര്യ ഘടകങ്ങൾ | ഭൂമിശാസ്ത്ര ഘടകങ്ങൾ |
|---|---|
| .................................................. | .................................................. |
| .................................................. | .................................................. |
| .................................................. | .................................................. |
| .................................................. | .................................................. |

**പ്രവർത്തനം-7**

ഭീകരവാദം, മയക്കുമരുന്നുപയോഗം, മോഷണം, എന്നിവ സമൂഹത്തിൽ വളർന്നുവരുന്നു. താഴെപ്പറയുന്ന സാമൂഹികരണ ഏജൻസികൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതാണോ? കാരണം പരിശോധിക്കുക.

ഏജൻസികൾ - കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതം

സൂചന - കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതങ്ങൾ ഇവയുടെ പ്രവർത്തനങ്ങൾ കണ്ടെത്തി കാരണം പരിശോധിക്കുക

**പ്രവർത്തനം 8**

മതം ഒരു സാമൂഹീകരണ ഏജൻസിയും നിയന്ത്രണ ഏജൻസിയുമാണ്. പരിശോധിക്കുക

| സാമൂഹീകരണ ഏജൻസി | സാമൂഹിക നിയന്ത്രണ ഏജൻസി |
|---|---|
| മത സഹിഷ്ണുത<br>അനുകമ്പ<br>പരസ്പരബഹുമാനം<br>ശാസ്ത്രീയമായ മതപഠനം | മത മൗലികത നിയന്ത്രിക്കുക<br>മതതീവ്രവാദത്തെ നിരുത്സാഹപ്പെടുത്തുക<br>മതപണ്ഡിതർ മാതൃകയാക്കുക |

**പ്രവർത്തനം -9**

താഴെപ്പറയുന്ന സാമൂഹിക നിയന്ത്രണ ഏജൻസികളെ ഔപചാരികമെന്നും അനൗപചാരികമെന്നും വേർതിരിക്കുക.

പോലീസ്, കോടതി, ജയിൽ, തൊഴിലാളി സംഘടനകൾ, മതസംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ഔപചാരികം | അനൗപചാരികം |
|---|---|
| | |

## തുടർ പ്രവർത്തനങ്ങൾ

1 ഒരു സാമൂഹിക നിയന്ത്രണ ഏജൻസി എന്ന നിലയിൽ മതങ്ങൾക്ക് ഇടപെടാവുന്ന മേഖലകൾ കണ്ടെത്തി ഗുണ-ദോഷ വിചിന്തനം നടത്തുന്ന ഗ്രൂപ്പു ചർച്ച സംഘടിപ്പിക്കുക

2 ഒരു സാമൂഹീകരണ ഏജൻസി എന്ന നിലയിൽ മതങ്ങളുടെ സംഭാവനകൾ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിക്കുക.

3 മത വിദ്വേഷം, മത തീവ്രവാദം എന്നിവ ആധുനിക സമൂഹത്തിലുണ്ടാക്കുന്ന സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ ഏതെല്ലാം?

*റഫറൻസ് ഗ്രന്ഥങ്ങൾ*


1. Sociology (Sachdeva-Vidhya Bhushan Publication)
2. Principles of Sociology - R. N. Sharma

**6**

# മനുഷ്യാവകാശങ്ങൾ

## പാഠഭാഗത്തുകൂടി കടന്നുപോകുമ്പോൾ

ആഗോളതലത്തിൽ മനുഷ്യാവകാശങ്ങളെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടമാണല്ലോ ഇത്. നമുക്കു ചുറ്റും നടക്കുന്ന നിരവധി മനുഷ്യാവകാശ ലംഘനങ്ങളോട് ഉചിതമായ രീതിയിൽ പ്രതികരിക്കാനുള്ള മനോഭാവം കുട്ടികളിൽ വളരണം. യുദ്ധത്തിന്റെയും തീവ്രവാദത്തിന്റെയും പേരിൽ സമൂഹത്തിൽ ആകെ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിലും മനുഷ്യാവകാശങ്ങൾക്ക് നേരെ നടക്കുന്ന കടന്നുകയറ്റത്തെ കുട്ടികൾ കണ്ടെത്തുകയും അവയെ ഫലപ്രദമായി നേരിടുന്നതിനുള്ള കഴിവ് ആർജ്ജിക്കുകയും വേണം.

***രൂപപ്പെടേണ്ട ആശയങ്ങൾ***

- മനുഷ്യാവകാശങ്ങളും അതിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ സ്രോതസ്സുകളിൽ നിന്ന് വിവര ശേഖരണം, മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുവെന്ന് തിരിച്ചറിയുന്നതിന്.
- യു.എൻ.ചാർട്ടർ, മനുഷ്യാവകാശപ്രഖ്യാപനം, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങൾ എന്നിവ മനുഷ്യാവകാശ സംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കുന്നുവെന്ന് തിരിച്ചറിയുന്നതിന്.
- മനുഷ്യാവകാശ ലംഘനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് വിശകലനംചെയ്യുന്നു

***പ്രക്രിയ***

- മനുഷ്യാവകാശ ധ്വംസനങ്ങൾക്ക് വഴിയൊരുക്കുന്ന ഘടകങ്ങൾ തിരിച്ചറിയുന്നു.
- ഇത്തരം ധ്വംസനങ്ങൾ പരിഹരിക്കുന്നതിന് വ്യക്തികൾക്കും സമൂഹത്തിനും ഉള്ള പങ്ക് തിരിച്ചറിയുന്നതിന്

## പ്രവർത്തനങ്ങൾ

### പ്രവർത്തനം-1

മനുഷ്യാവകാശ സംരക്ഷണത്തിനുള്ള അന്താരാഷ്ട്ര ശ്രമങ്ങളെ അധികരിച്ച് മനുഷ്യാവകാശ സംരക്ഷണം കാലഗണനാ ചാർട്ട് തയ്യാറാക്കുക.

| | |
|---|---|
| 1993 | കുട്ടികളുടെ അവകാശങ്ങൾ |
| 1215 | അന്തർദേശീയ സാമ്പത്തിക ഉച്ചകോടി |
| 1689 | ആഗോള മനുഷ്യാവകാശ പ്രഖ്യാപനം |
| 1989 | മനുഷ്യാവകാശ സംരക്ഷണനിയമം |
| 1966 | ഐക്യരാഷ്ട്ര സഭ രൂപീകരണം |
| 1948 | ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനം |
| 1789 | അമേരിക്കൻ ഭരണഘടന മാഗ്നാകാർട്ട |
| 1945 | ഇംഗ്ലണ്ടിലെ അവകാശ ഉടമ്പടി. |
| | അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം |
| | മാഗ്നാകാർട്ട |

### പ്രവർത്തനം-2

'ഇന്ത്യൻ ഭരണഘടനയും കുട്ടികളുടെ അവകാശങ്ങളും എന്ന വിഷയത്തെ അധികരിച്ച് നടത്താവുന്ന സിമ്പോസിയത്തിലേക്ക് ഉൾപ്പെടുത്താവുന്ന വസ്തുതകൾ (TB യുടെ സഹായത്താൽ) കണ്ടെത്തുന്നു.

**പ്രവർത്തനം -3**

1989 ലെ ബാലാവകാശങ്ങൾ സംബന്ധിച്ച് അന്താരാഷ്ട്ര പ്രഖ്യാപനത്തിന്റെയും 1993 ലെ വിയന്നാ കൺവൻഷന്റെയും അടിസ്ഥാനത്തിൽ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇവ ഏതൊക്കെ യാണെന്ന് കണ്ടെത്തി പട്ടികപൂർത്തിയാക്കുക.

ജീവിക്കാനുള്ള അവകാശം

വ്യക്തിത്വ സംരക്ഷണത്തിനുള്ള അവകാശം

.......................................................................................

.......................................................................................

.......................................................................................

**പ്രവർത്തനം -4**

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവൽകരിക്കേണ്ട വിദ്യാലയത്തിലും പരിസരത്തും വെച്ചു തന്നെയാണ് അവരുടെ അവകാശങ്ങളിൽ നല്ലൊരു പങ്കും ഹനിക്കപ്പെടുന്നത്. കുട്ടികളുടെ അവകാശ സംരക്ഷണത്തിന് നിരവധി നിയമങ്ങൾ ഉണ്ടെങ്കിലും അവ പലപ്പോഴും ലംഘിക്കപ്പെടുന്നുണ്ട്. ഇത്തരുണ ത്തിൽ അവ സംരക്ഷിക്കപ്പെടാനുള്ള ഏതെല്ലാം നിർദ്ദേശങ്ങൾ നിങ്ങൾക്ക് നൽകുവാൻ കഴിയും.?

*സൂചന:*

എ) നിയമങ്ങൾ കർശനമായി നടപ്പിലാക്കുക.

ബി) ജനകീയ ബോധവൽക്കരണം

സി) ...........................................................................

ഡി) ...........................................................................

ഇ) ...........................................................................

*സൂചന:*
പുതിയ നിയമ നിർമ്മാണം, കുട്ടികളുടെ പ്രത്യേക കോടതികൾ, സേവന സംഘടനക ളുടെ ഇടപെടൽ, സൗജന്യ നിയമ സഹായങ്ങൾ

**പ്രവർത്തനം -5**

സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവകാശ ലംഘനങ്ങൾ ഒരു തുടർക്കഥയായിഅവശേഷിക്കു ന്നു. ഏതൊക്കെ അവകാശ ലംഘനങ്ങൾ നടക്കുന്നു എന്നും അതിനുള്ള നിങ്ങളുടെ പരിഹാര മാർഗങ്ങളും നിർദ്ദേശിക്കുക.?

| അവകാശ ലംഘനങ്ങൾ | പരിഹാര മാർഗങ്ങൾ |
|---|---|
| സ്ത്രീ പീഡനം<br>അവസര സമത്വ നിഷേധം<br>...............................................<br>............................................... | നിയമബോധവൽകരണം<br>സ്ത്രീകളുടെ കോടതികൾ ശക്തമാക്കൽ<br>...............................................<br>............................................... |

*സൂചന:*

- ❋ തൊഴിൽ സ്ഥലങ്ങളിലെ പീഢനം
- ❋ അവസര സമത്വനിഷേധം
- ❋ വേതന വ്യത്യാസം
- ❋ ലൈംഗീക ചൂഷണം
- ❋ അശ്ലീല ചിത്രവും പരസ്യങ്ങളും

- ❋ സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീ പുരുഷ സമത്വം
- ❋ ഗ്രാമീണ വനിതാ ഉന്നമനവും വികസന പ്രക്രിയയിലെ പങ്കാളിത്തവും
- ❋ തുല്യ പരിരക്ഷ
- ❋ സിവിൽ രാഷ്ട്രീയ അവകാശസമത്വം
- ❋ തുല്യജോലിക്ക് തുല്യവേതനം

**CWSN പീർ ഗ്രൂപ്പ് വർക്ക് / അധിക സമയം നൽകുക**

**പ്രവർത്തനം -6**

അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളിൽ മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം വ്യക്തമാക്കുന്ന പത്രവാർത്തകളിലൂടെ കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ഇത്തരം മറ്റു സംഘടനകളുടെ പേരുകളും പ്രവർത്തന രീതിയും അധ്യാപകരുടെ സഹായത്താൽ കുട്ടികൾ പരിചയപ്പെടുന്നു.

| ദേശീയ തലത്തിൽ | ആഗോളതലത്തിൽ |
|---|---|
| ❋ പീപ്പിൾസ് യൂനിയൻ ഫോർ സിവിൽ ലിബർട്ടീസ്<br>❋ പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ് | ❋ ആംനസ്റ്റി ഇന്റർനാഷണൽ<br>❋ ഏഷ്യാ വാച്ച് |

*സൂചന:*

❋ വേൾഡ് വിഷൻ

❋ മനുഷ്യാവകാശ കമ്മീഷൻ

❋ വിവരാവകാശ കമ്മീഷൻ

❋ ഹ്യൂമൺ റൈറ്റ്സ് വാച്ച്

❋ കൗൺസിൽ ഫോർ ഇന്റർ നാഷണൽ ജസ്റ്റിസ്

**പ്രവർത്തനം -7**

ദളിത് വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അഭിമുഖീകരിക്കുന്ന അവകാശ ലംഘനങ്ങളും ദേശീയ തലത്തിൽ അവയ്ക്കുള്ള പരിഹാര മാർഗങ്ങളും വ്യക്തമാക്കുന്ന ചാർട്ടിന്റെ സഹായത്താൽ പഠന പ്രവർത്തനം നടത്തേണ്ടതുണ്ട്.

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| ❋ ഭരണപരമായ അവകാശം നിഷേധിക്കുന്നു<br>❋ പ്രകൃതി വിഭവം, പൊതുസമ്പത്ത്, മനുഷ്യ നിർമ്മിത വിഭവങ്ങൾ എന്നിവയിൽ പ്രാപ്യതയും അധികാരവും നിഷേധിക്കപ്പെടുന്നു.<br>❋ കൃഷിഭൂമി, വനഭൂമി, തരിശുഭൂമി, പൊതുനിലങ്ങളായ മേച്ചിൽപ്പുറങ്ങൾ എന്നിവയുടെ വിതരണത്തിലുള്ള വിവേചനം<br>❋ സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ<br>❋ ദളിതരുടെ പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും അവഗണിക്കുന്നു. | ❋ അന്തർദേശീയ മനുഷ്യാവകാശ കരാറുകൾ<br>❋ ഭരണഘടനാ നിർദ്ദേശങ്ങൾ<br>❋ ഭരണഘടനാ വകുപ്പുകൾ<br>❋ സന്നദ്ധ സംഘടനാ പ്രവർത്തനങ്ങൾ<br>❋ ജനകീയ ബോധവൽക്കരണം |

***സ്ത്രീകൾ***

| അവകാശങ്ങൾ | നിയമങ്ങൾ | സംഘടനകൾഏജൻസികൾ |
|---|---|---|
| സ്ത്രീപുരുഷസമത്വം<br>തുല്യജോലിക്ക് തുല്യവേതനം<br>മാന്യമായ ജീവിത നിലവാരം<br>മാന്യമായ സ്ഥാനം<br>പീഢനത്തിൽ നിന്നുള്ള സംരക്ഷണം<br>തുല്യ പരിരക്ഷ | സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഢനം നിരോധന നിയമം, സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽനിരോധന നിയമം, അസാൻമാർഗിക വ്യാപാരം തടയൽ നിയമം, ഗർഭചിദ്ര നിയമം, ഭ്രൂണ പരിശോധന നിയന്ത്രണ നിയമം. | സ്ത്രീ വേദി<br>അന്വേഷി<br>വനിതാ കമ്മീഷൻ |

***കുട്ടികൾ***

| അവകാശങ്ങൾ | നിയമങ്ങൾ | സംഘടനകൾഏജൻസികൾ |
|---|---|---|
| ജീവിക്കാനുള്ള അവകാശം<br>വിശ്രമത്തിനും വിനോദത്തിനും ഉള്ള അവകാശം<br>ആരോഗ്യ സംരക്ഷണം അറിയാനുള്ള അവകാശം<br>വിദ്യാഭ്യാസ അവകാശം ചൂഷണത്തിൽ നിന്നുള്ള അവകാശം | ബാലവേല നിരോധനനിയമം<br>സൗജന്യ നിർബന്ധിത വിദ്യാഭ്യാസ നിയമം<br>ദത്തെടുക്കൽ നിയമം<br>വിവരാവകാശ നിയമം<br>മാനസികാരോഗ്യ നിയമം | കുട്ടികളുടെ പ്രത്യേക കോടതികൾ<br>മനുഷ്യാവകാശ കമ്മീഷൻ<br>ലീഗൽ സർവ്വീസ് അതോറിറ്റി<br>ചൈൽഡ് ലൈൻ |

***ദളിതർ***

| അവകാശങ്ങൾ | നിയമങ്ങൾ | സംഘടനകൾഏജൻസികൾ |
|---|---|---|
| സാമൂഹിക നീതി സാംസ്ക്കാരിക സാമ്പത്തിക വിദ്യാഭ്യാസ പരിഗണന ഭൂമിയിലുള്ള അവകാശവും പാരമ്പര്യങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കുക<br>തൊഴിൽ സംഭരണം | സംവരണ നിയമങ്ങൾ<br>തൊഴിൽ നിയമങ്ങൾ<br>ഭൂപരിഷ്ക്കരണ നിയമങ്ങൾ | വേൾഡ് വിഷൻ<br>മനുഷ്യാവകാശ കമ്മീഷൻ<br>പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസ്<br>പട്ടിക ജാതി പട്ടിക വർഗ്ഗ കമ്മീഷനുകൾ പിന്നോക്ക വർഗ്ഗ കമ്മീഷൻ |

***കസ്റ്റഡിയിലുള്ളവർ***

| അവകാശങ്ങൾ | നിയമങ്ങൾ | സംഘടനകൾഏജൻസികൾ |
|---|---|---|
| ജയിൽ പീഡനത്തിൽ നിന്നുള്ള സംരക്ഷണം<br>നിരപരാധിത്വം തെളിയിക്കാനുള്ള അവകാശം<br>വിചാരണനേരിടാനുള്ള അവകാശം<br>ശിക്ഷ ഇളവ് കിട്ടാനുള്ള അവകാശം<br>അപ്പീൽ കൊടുക്കാനുള്ള അവകാശം<br>പരോളിൽ ഇറങ്ങാനുള്ള അവകാശം<br>ദയ ഹർജ്ജി കൊടുക്കാനുള്ള അവകാശം | ജയിൽ നിയമങ്ങൾ<br>ഇന്ത്യൻ ശിക്ഷാനിയമം<br>സി.ആർ.പി.സി.<br>സി.പി.സി<br>മാനസികാരോഗ്യ നിയമം | കോടതികൾ<br>മനുഷ്യാവകാശ കമ്മീഷനുകൾ<br>ജയിൽ പരിഷ്ക്കരണകമ്മിറ്റി<br>പോലീസ് പരിഷ്ക്കരണകമ്മിറ്റി<br>ലീഗൽ സർവ്വീസ് അതോറിറ്റി |

**പ്രവർത്തനം-9**

മനുഷ്യാവകാശങ്ങളുംമായി ബന്ധപ്പെട്ട ചില ഭരണഘടനാ വകുപ്പുകൾ

| വകുപ്പുകൾ | വ്യവസ്ഥകൾ |
|---|---|
| 15- | കുട്ടികളുടെ പ്രത്യേക വ്യവസ്ഥകൾ |
| 16- | തൊട്ടുകൂടായ്മ |
| 21 (A) | നിർബന്ധിത സൗജന്യ വിദ്യാഭ്യാസം |
| 24 | ബാലവേല നിരോധനം |
| 32 | ഭരണഘടനാപരമായ പ്രതിവിധികൾ |
| 39 (D) | തുല്യജോലിക്ക് തുല്യ വേതനം |
| 47 | ലഹരിപാനീയങ്ങൾ, മയക്കുമരുന്നുകൾ നിരോധനം |
| 51 | അന്താരാഷ്ട്ര സമാധാനം |

## തുടർ പ്രവർത്തനങ്ങൾ

1 മനുഷ്യാവകാശ സംരക്ഷണത്തിനുള്ള അന്താരാഷ്ട്ര ശ്രമങ്ങളെ അധികരിച്ച് മനുഷ്യാവകാശ സംരക്ഷണം കാലഗണന അടിസ്ഥാനത്തിൽ തയ്യാറാക്കുക. (പ്രവർത്തനം)

2. കുട്ടികളുടെ അവകാശം സംരക്ഷിക്കപ്പെടാനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ചാർട്ട് പൂർത്തീകരിക്കുക.

   1. നിയമങ്ങൾ കർശനമായി നടപ്പാക്കുക.
   2. ബോധവൽക്കരണം
   3. ............................................................................
   4. ............................................................................
   5. ............................................................................
   6. ............................................................................

3. എ, ബി, സി കോളങ്ങൾ യോജിപ്പിക്കുക

| A | B | C |
|---|---|---|
| * മനുഷ്യാവകാശ സംരക്ഷണത്തിനുള്ള ആദ്യരേഖ | അനുച്ഛേദം 21A | * സമാധാനത്തിനുള്ള നോബൽ സമ്മാനം |
| * സ്ത്രീ വിവേചന നിവാരണ പരിപാടി | 1215 | * 6-14 വരെ നിർബന്ധ വിദ്യാഭ്യാസം |
| * ഇന്ത്യൻ ഭരണഘടന | 1974 | * ഐക്യ രാഷ്ട്രസഭ |
| * ആംനസ്റ്റി ഇന്റർനാഷണൽ | 1979 | * മാഗ്നാകാർട്ട |

4. ഒരു കുട്ടിയുടെ സ്വകാര്യ ഡയറി മറ്റൊരു കുട്ടി പരിശോധിച്ച് ഉള്ളടക്കം പരസ്യപ്പെടുത്തി. മനുഷ്യാവകാശവുമായി ഈ സംഭവം എങ്ങനെ ബന്ധപ്പെടുന്നുവെന്ന് വ്യക്തമാക്കുക.

   *സൂചന* : കുട്ടികളുടെ അവകാശ ലംഘനങ്ങൾ
   സ്വകാര്യത-അഭിമാനം-സൽപ്പേര്- വ്യക്തിത്വ സംരക്ഷണം

5. മനുഷ്യാവകാശ സംരക്ഷണത്തിൽ ..സന്നദ്ധ സംഘടനകളുടെ പങ്ക് എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.

   *സൂചന:*

   * മനുഷ്യാവകാശ നിഷേധങ്ങൾ വെളിച്ചത്ത് കൊണ്ടുവന്ന് ജനങ്ങളുടെ പ്രതികരണശേഷി വളർത്തുക
   * മനുഷ്യാവകാശ സംരക്ഷണത്തിന് ഭരണകൂടത്തെ പ്രേരിപ്പിക്കുക
   * മനുഷ്യാവകാശ ലംഘനത്തിനെതിരെ കോടതിയെ സമീപിക്കുക
   * മനുഷ്യാവകാശ ലംഘനത്തിനെതിരെ അന്താരാഷ്ട്ര ശ്രദ്ധ തിരിക്കുക.

6. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി ഗവ: സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമെന്നും അവ എത്രത്തോളം ഫലപ്രദമാണെന്നും പരിശോധിക്കുക.

   *സൂചന:*

| നിയമം | വർഷം | പ്രശ്നങ്ങൾ |
|---|---|---|
| സ്ത്രീധന നിരോധന നിയമം | 1986 | |
| സ്ത്രീ വിവേചന നിവാരണ നടപടി | 1986 | |
| ലിംഗ നിർണയ നിരോധനം | 1994 | |
| ഗാർഹിക പീഢന നിരോധന നിയമം | 2005 | |

***എത്തേണ്ട നിഗമനം***

മേൽ നിയമങ്ങളുടെ ഫലമായി സ്ത്രീകളുടെ അവകാശം സംരക്ഷിക്കുവാൻ ഒരളവുവരെ കഴിഞ്ഞിട്ടുമുണ്ട്.

# ഭാഗം-2

# ഭൂമിശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും

**ഉള്ളടക്കം**


1. ഇന്ത്യ- ഭൗതീക ഭൂമി ശാസ്ത്രം
2. ഇന്ത്യ-വിഭവങ്ങൾ
3. ഇന്ത്യ-വ്യവസായം, ഗതാഗതം, വാർത്താവിനിമയം
4. പൊതു ധനകാര്യം
5. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ
6. ദേശീയ വരുമാനം

**1**

# ഇന്ത്യ-ഭൗതീക ഭൂമി ശാസ്ത്രം

## രൂപപ്പെടേ ആശയം

ഇന്ത്യയുടെ സ്ഥാനം, ഭൗതീക വിഭാഗങ്ങൾ, നദികൾ, കാലാവസ്ഥ എന്നിവയെക്കുറിച്ച് വിവിരശേഖരണം നടന്നു. കാർഷിക രാജ്യമായ ഇന്ത്യയുടെ വളർച്ചയുടെയും വികാസത്തിന്റെ അടിത്തറ വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയും, മണ്ണിനങ്ങളും, നദികളുമൊക്കെയാണ്. ഇന്ത്യക്ക് തനതായ ഒരു സംസ്കാരവും കാലാവസ്ഥയും പ്രദാനം ചെയ്യുന്നതിൽ ഹിമാലയത്തിനും, സമുദ്രങ്ങൾക്കും പ്രധാന പങ്കാണ് ഉള്ളത്. ഭൂ വിസ്തൃതിയിൽ 7-ാം സ്ഥാനമുള്ള ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും, 7 കേന്ദ്രഭരണ പ്രദേശങ്ങളും, വിവിധ ഭാഷകളും, മതങ്ങളും, ആചാരങ്ങളും ഭൗതീക വ്യതിയാനങ്ങളും ഉങ്കിൽത്തന്നെയും സാംസ്കാരിക സങ്കലനവും ഗതാഗത വാർത്താവിനിമയ സൗകര്യങ്ങളും ഇന്ത്യയിൽ ഏകത്വം നിലനിർത്തുന്നതിന് സഹായകമാകുന്നു. ഇന്ത്യയിൽ ലഭിക്കുന്ന മൺസൂൺ കാലാവസ്ഥ പൊതുവായ കാർഷിക സംസ്ക്കാരം വളർന്നുവരുവാൻ സഹായിച്ചിട്ടു്.

ഈ ആശയങ്ങൾ വ്യക്തമായി കുട്ടികളിൽ എത്തിക്കുവാനും അതുവഴി ഇന്ത്യയെക്കുറിച്ച് അറിയുകയും ഇന്ത്യയുടെ വികസനത്തിലും, ഐക്യത്തിലും ക്രിയാത്മകമായ പങ്ക് വഹിക്കുവാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പാഠവും അടുത്ത 2 അധ്യായങ്ങളും രൂപപ്പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| ഇന്ത്യ പൊതുവിവരങ്ങൾ | : | |
| വിസ്തീർണ്ണം | : | 328782 ച.കീ.മീറ്റർ (3.28 ദശലക്ഷം ച.കീ.മീ) |
| അക്ഷാംശ സ്ഥാനം | : | $8^0$ 4'$37^0$ 6'N ഉം ഇടയിൽ |
| രേഖാംശ സ്ഥാനം | : | $68^0$ 7E $97^0$ 25.E ഉം ഇടയിൽ |
| വടക്ക് മുതൽ തെക്ക് വരെയുള്ള നീളം | : | 3214 കീ.മീ |
| കിഴക്ക് മുതൽ പടിഞ്ഞാറ് വരെയുള്ള നീളം | : | 2933 കീ.മീ |
| കര അതിർത്തിയുടെ നീളം | : | 15200 കീ.മീ |
| സമുദ്രാതിർത്തിയുടെ നീളം | : | 6083 കീ.മീ |
| ഇന്ത്യ സ്ഥിതി ചെയ്യുന്ന അർദ്ധഗോളം | : | ഉത്തരാർദ്ധ ഗോളം |
| ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശ രേഖ | : | ഉത്തരായന രേഖ |
| ഇന്ത്യയുടെ മാനക രേഖാംശം | : | $82^0$ $30^0$E |
| ഇന്ത്യയുടെ തെക്കെ അറ്റം | : | ഇന്ദിരാപോയിന്റ് |
| വിസ്തൃതിയിൽ ലോക രാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്ഥാനം | : | ഏഴാം സ്ഥാനം |
| ഇന്ത്യയേക്കാൾ വലുപ്പമുള്ള മറ്റ് രാജ്യങ്ങൾ | : | 1. റഷ്യ (17075400 ച.കീ.മീ)<br>2. കാനഡ (9970610 ച.കീ.മീ)<br>3. യു.എസ്.എ (9809155 ച.കീ.മീ)<br>4. ചൈന (9572900 ച.കീ.മീ)<br>5. ബ്രസീൽ (8547404 ച.കീ.മീ)<br>6. ഓസ്ട്രേലിയ (768230 ച.കീ.മീ) |
| ഇന്ത്യയുടെ ഭാഗമായ ദ്വീപ സമൂഹങ്ങൾ | : | അന്തമാൻ നിക്കോബാർ ദ്വീപുകളും, ലക്ഷദ്വീപുകളും |
| ഉത്തരായന രേഖ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ | : | ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ത്രിപുര, മിസോറാം. |
| ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന അയൽ രാജ്യങ്ങൾ | : | പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ചൈന, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, മ്യാൻമാർ |
| ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന അയൽ രാജ്യങ്ങൾ | : | ശ്രീലങ്ക, ഇന്തോനേഷ്യ, മാലിദ്വീപ് |
| ഇന്ത്യയെയും ശ്രീലങ്കയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കടലിടുക്ക് | : | പാക്ക് കടലിടുക്ക് |

| കേന്ദ്രഭരണ പ്രദേശം | ആസ്ഥാനം |
| --- | --- |
| ❋ ഡൽഹി | ❋ ഡൽഹി |
| ❋ ചണ്ഡിഗർ | ❋ ചണ്ഡിഗർ |
| ❋ ദാമൻ, ഡിയു | ❋ ദാമൻ |
| ❋ ദാദ്രനഗർ ഹവേലി | ❋ സിൽവാസാ |
| ❋ പോ റി ച്ചേരി | ❋ പോ റി ച്ചേരി |
| ❋ ലക്ഷദ്വീപ് | ❋ കവരത്തി |
| ❋ ആൻഡമാൻ നിക്കോബാർ | ❋ പോർട്ട് ബ്ലയർ |

## പ്രവർത്തനം -2

ഇന്ത്യയുടെ രൂപരേഖയിൽ ഭൂപ്രകൃതി വിഭാഗങ്ങൾ അടയാളപ്പെടുത്തി (ചിത്രം 5.2) ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടത്തിന്റെ സഹായത്തോടെ ഓരോ ഭൂപ്രകൃതി വിഭാഗങ്ങളും ഉൾപ്പെടുന്ന ര് വീതം സംസ്ഥാനങ്ങളുടെ പേരെഴുതി പട്ടിക പൂർത്തിയാക്കുക.

| ഭൂപ്രകൃതി വിഭാഗത്തിന്റെ പേര് | ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ |
| --- | --- |
| ————————<br>ഉത്തരമഹാസമതലം<br>————————<br>————————<br>———————— | ജമ്മു-കാശ്മീർ, സിക്കിം<br>————————<br>————————<br>————————<br>———————— |

***സൂചകങ്ങൾ***

ഉത്തര പർവ്വതമേഖല : ജമ്മുകാശ്മീർ, സിക്കിം.......................
ഉത്തര മഹാസമതലം : പഞ്ചാബ്, ഹരിയാന, ഉത്തരപ്രദേശ്
ഉപദ്വീപിയ പീഠഭൂമി : മധ്യപ്രദേശ്, ചത്തീസ്ഗഢ്,..................
കിഴക്കൻ തീര സമതലം : ആന്ധ്രപ്രദേശ്, തമിഴ്നാട്, ഒറീസ എന്നിവയുടെ ഭാഗങ്ങൾ
പടിഞ്ഞാറൻ തീരസമതലം : ഗുജറാത്ത്, ഗോവ......
കൂടുതൽ സംസ്ഥാനങ്ങൾ കൂട്ടിച്ചേർക്കാൻ അധ്യാപകൻ ഇടപെടണം.

## പ്രവർത്തനം-3

ഉത്തരപർവ്വത മേഖലയുടെ സവിശേഷതകളാണ് താഴെകൊടുത്തിരിക്കുന്നത്. അവ അനുയോജ്യമായ രീതിയിൽ തരം തിരിച്ച് ക്രമപ്പെടുത്തി കുട്ടികളെകൊ് എഴുതിക്കുക.

ഹിമാദ്രിക്ക് തെക്ക് സ്ഥിതി ചെയ്യുന്നു - ഹിമാലയത്തിന് ഏറ്റവും തെക്ക്- ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വത നിര- ഹിമാലയത്തിന്റെ കിഴക്കരികിൽ ഹിമാലയവുമായി ഒന്നുചേരുന്നു- ശരാശരി ആറായിരം മീറ്ററിന് മുകളിൽ ഉയരം-ശരാശരി ഉയരം 1220 മീറ്റർ വരെ - ഗംഗ, യമുന നദികളുടെ ഉത്ഭവപ്രദേശം - നീളമേറിയതും- വിസ്തൃതവുമായ താഴ്വരകൾ - ഡ്യൂണുകൾ, തെക്കേ ചെരുവുകൾ ധാരളം സുഖവാസകേന്ദ്രങ്ങൾ.

## സൂചകം

ഹിമാദ്രി-ഹിമാചൽ-ശിവാലിക് എന്നിങ്ങനെ തരംതിരിച്ച് അനുയോജ്യമായ രീതിയിൽ എഴുതണം.

**ചുരങ്ങൾ**

പ്രകൃതിദത്ത വിടവുകൾ പർവ്വതപ്രദേശങ്ങളിൽ കാണാം. അവയെ ചുരങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. ഉത്തരപർവ്വത മേഖലയിൽ അനേകം ചുരങ്ങൾ കാണപ്പെടുന്നു. ഇന്ത്യയിൽ ഉൾപ്പെടുന്ന പ്രധാന ചുരങ്ങളുടെ വിവരം.

1. കാരക്കോറം ചുരം - ജമ്മുകാശ്മീർ
2. സോജിലാ ചുരം - ജമ്മൂകാശ്മീർ
3. ഷിപ്കിലാ ചുരം - ഹിമാചൽപ്രദേശ്
4. ബോഡിലാ ചുരം - അരുണാചൽപ്രദേശ്
5. നാഥുലാ ചുരം - സിക്കിം
6. ജെല്പ്ലാ ചുരം - സിക്കിം

**പ്രവർത്തനം - 4**

(കുട്ടികളെ 2 ഗ്രൂപ്പായി തിരിച്ച് വിഷയം നൽകുന്നു.)

ഇന്ത്യയുടെ ഭൂപ്രകൃതി, കാലാവസ്ഥ, സംസ്കാരം, ജനജീവിതം, കൃഷി, സമ്പദ്വ്യവസ്ഥ എന്നിവ രൂപപ്പെടുന്നതിൽ ഉത്തരപർവ്വതമേഖല, ഉത്തരമഹാസമതലം എന്നിവക്ക് ഗണ്യമായ പങ്കാണ് വഹിക്കാനുള്ളത്. വ്യക്തമാക്കുക.

സൂചന : പട്ടിക 5,4 ലെ ഓരോ മേഖലയും കുട്ടികൾക്ക് വായനാക്കുറിപ്പായി നൽകണം. ഗ്രൂപ്പിന്റെ അവതരണത്തിനും ചർച്ചക്കും ശേഷം ക്രോഡീകരണവും നടത്തുക.

**പ്രവർത്തനം - 5**

ഇന്ത്യയുടെ രൂപരേഖയിൽ താഴെപ്പറയുന്ന ഭൂവിവരങ്ങൾ രേഖപ്പെടുത്തുക. ( ചിത്രം 5, 4,5,6 കുട്ടികൾക്ക് നൽകണം) പാമീർ, കാറകോറം, ഹിമാദ്രി, ഹിമാചൽ, ശിവാലിക്, ഗരോഘാസി, ജയന്തിയ കുന്നുകൾ, നാഗാകുന്നുകൾ, ദാർമരുഭൂമി, പൂർവ്വഘട്ടം, പശ്ചിമഘട്ടം, ആരവല്ലി പർവ്വത നിര, ഛോട്ടനാഗപൂർ പീഠഭൂമി, ഛത്തിസ്ഗഡ് പീഠഭൂമി, ആനമല, നീലഗിരി (സൂചന : ചിത്രം 5, 4, 5, 6 ഉപയോഗിക്കുക)

**പ്രവർത്തനം - 6**

ഹിമാലയം നദികളും ഉപദ്വീപീയ നദികളുമായി ബന്ധപ്പെട്ട വിവരങ്ങളാണ് താഴെ നൽകിയിട്ടുള്ളത്. ചിത്രം 5-5 ന്റെയും ചിത്രം 5-2 ന്റെയും സഹായത്തോടെ കത്തെി പട്ടിക പൂർത്തിയാക്കുക.

***സൂചന : A***

| ഹിമാലയൻ നദികൾ | ഉത്ഭവസ്ഥാനം | പോഷക നദികൾ | അവ ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|
| സിന്ധു<br>നീളം 2880 കീ.മി | തിബത്തിലെ മാനസസരോവർ തടാകത്തിനരികിൽ | ഝലം, ചിനാബ് രവി, ബീയസ് സത്‌ലജ് | ജമ്മുകാശ്മീർ ഹിമാചൽപ്രദേശ് പഞ്ചാബ് | അറബിക്കടൽ |
| ഗംഗ<br>നീളം 2500കീ.മീ | ഗംഗോത്രി ഹിമാനിയിലെ ഗായ്മുഖ് | യമുന, സോൺ, രാംലിംഗ, മഹാനന്ദ, ഗോമതി, കോസി, ഘാഗ്ര, ഗാണ്ഡക് | ഉത്തരാഞ്ചൽ, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, മധ്യപ്രദേശ്, ബീഹാർ ഛത്തീസ്ഗഡ് പശ്ചിമബംഗാൾ | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര<br>നീളം 2900 കീ.മീ | ചെയ്-യുങ്ങ്-ദുങ്ങ് ഹിമാനി | തിസ്ത, മാനസ, ലുഹിത്, സുവാൻസിരി | അരുണാചൽപ്രദേശ് ആസാം, സിക്കിം പ.ബംഗാൾ | ബംഗാൾ ഉൾക്കടൽ |

**B**

| | | | | |
|---|---|---|---|---|
| ഉപദ്വീപീയ നദികൾ<br>മഹാനദി<br>നീളം 875 കീ.മീ | മൈക്കല നിരകൾ<br>(മധ്യപ്രദേശ്) | ഇബ്,ടെൽ | മധ്യപ്രദേശ്<br>ചത്തീസ്ഗഡ്<br>ഒറീസ | ബംഗാൾ<br>ഉൾക്കടൽ |
| ഗോദാവരി<br>നീളം 1465 കീ.മീ | പശ്ചിമഘട്ടം<br>(മഹാരാഷ്ട്ര)<br>നാസിക്ജില്ല | ഇന്ദ്രാവതി, ശബരി | മഹാരാഷ്ട്ര,<br>മധ്യപ്രദേശ്,<br>ഛത്തീസ്ഗഡ്,<br>ആന്ധ്രപ്രദേശ് | ബംഗാൾ<br>ഉൾക്കടൽ |
| കൃഷ്ണ<br>നീളം 1400 കീ.മീ | പശ്ചിമഘട്ടം<br>(മഹാബലേശ്വരത്തി<br>നടുത്ത്) | ഭീമ, തുംഗഭദ്ര | മഹാരാഷ്ട്ര,<br>കർണ്ണാടക,<br>ആന്ധ്രപ്രദേശ് | ബംഗാൾ<br>ഉൾക്കടൽ |
| കാവേരി<br>നീളം 800 കീ.മീ | പശ്ചിമഘട്ടം<br>(കർണ്ണാടകത്തിലെ<br>കുടക് ജില്ല) | കബനി,<br>അമരാവതി | കേരളം,<br>കർണ്ണാടകം,<br>തമിഴ്നാട് | ബംഗാൾ<br>ഉൾക്കടൽ |
| നർമ്മദ<br>നീളം 1312 കീ.മീ | മൈക്കലാനിരകൾ<br>(ചത്തീസ്ഗഡ്) | ഹിരൺ,<br>ബൻജൻ | മധ്യപ്രദേശ്,<br>മഹാരാഷ്ട്ര | അറബിക്കടൽ |
| താപ്തി<br>നീളം 724 കീ.മീ | മുൻതായ<br>പീഠഭൂമി (മധ്യപ്രദേശ്<br>ബൈതുൽ ജില്ല) | ആനർ, ഗിർന | മധ്യപ്രദേശ്,<br>മഹാരാഷ്ട്ര | അറബിക്കടൽ |
| പെരിയാർ<br>നീളം 244 കീ.മീ | ശിവരിഗിരി മലകളിൽ<br>നിന്ന് (കേരള<br>തമിഴ്നാട് അതിർത്തി) | മുല്ലയാർ, കട്ടപ്പനയാർ,<br>പെരിഞ്ചൻ, കുട്ടിയാർ,<br>മുതിരപ്പുഴ, തൊട്ടിയാർ,<br>ഇടമലയാർ | കേരളം | അറബിക്കടൽ |

**CWSN** **അധിക സമയം നൽകി സഹ പഠിതാക്കളുടെയും അധ്യാപകരുടെയും സഹായത്തോടെ ചെയ്യുക**

**പ്രവർത്തനം -7**

ഹിമാലൻ നദികളും ഉപദ്വീപിയ നദികളുമായി ബന്ധപ്പെട്ട താരതമ്യത്തിലെ ചില വിവരങ്ങളാണ് താഴെ നൽകിയിട്ടുള്ളത്. കൂടുതൽ കത്തെിയ പട്ടിക വിപുലപ്പെടുത്തുക

| ഹിമാലയൻ നദികൾ | ഉപദ്വീപിയ നദികൾ |
|---|---|
| അതിവിസ്തൃതമായ വൃഷ്ടി പ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം |
| നീളം കൂടിയവയാണ് | |
| | |
| | |
| | |

*സൂചന:* പട്ടിക 5.6 മൂല്യ നിർണ്ണയത്തിന് ഉപയോഗപ്പെടുത്തുമല്ലോ ?

**പ്രവർത്തനം - 8**

പടിഞ്ഞാറൻ തീര സമതലവും കിഴക്കൻ തീര സമതലവും വളരെയേറെ സവിശേഷതകൾ നിറഞ്ഞ താണ്. സാധുത പരിശോധിച്ച് പട്ടിക പൂർത്തിയാക്കുക.

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീര സമതലം |
|---|---|
| ❋ അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ | ❋ പൂർവ്വ ഘട്ടത്തിനും ബംഗാൾ ഉൾക്കടലിനുമിടയിൽ |
| ❋ | ❋ |
| ❋ | ❋ |
| ❋ | ❋ |
| ❋ | ❋ |

***സൂചന :*** പട്ടിക 5, 7 ഉപയോഗപ്പെടുത്തണം

**പ്രവർത്തനം - 9**

തെക്കു പടിഞ്ഞാറൻ മൺസൂൺ കാലവും വടക്കു കിഴക്കൻ മൺസൂൺ കാലവും (ചിത്രം 5-7, 5-8 എന്നിവയുടെ സഹായത്തോടെ) താരതമ്യം ചെയ്ത് മഴയുടെ വിതരണത്തിലുാകുന്ന വ്യത്യാസങ്ങൾ വിശകലനം നടത്താൻ ക്ലാസ്സിൽ(പുസ്തകത്തിലെ പ്രസക്തഭാഗങ്ങൾ കുട്ടികൾക്ക് നൽകിക്കൊ്) ആവശ്യപ്പെടുന്നു.

***സൂചന :*** തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ് ഇന്ത്യൻ സമുദ്രത്തിൽ നിന്നും ഇന്ത്യയിലേക്ക് വീശുന്നതിനാൽ വ്യാപകമായ മഴ ലഭിക്കുമ്പോൾ വടക്കു കിഴക്കൻ മൺസൂൺ വൻകര ഭാഗങ്ങളിൽ നിന്നും സമുദ്രത്തിലേക്ക് വീശുന്നതിനാൽ മഴ കുറയുന്നു.

* കാറ്റിന് അഭിമുഖമായ ചെരിവുകളിൽ നല്ല മഴ ലഭിക്കുന്നു.

**പ്രവർത്തനം -10**

ഊഷ്മാവിന്റെയും മഴയുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഋതുക്കളുമായി ബന്ധപ്പെട്ട്തരംതിരിവാണ് താഴെ നൽകിയിരിക്കുന്നത്. അവ ഏത് കാലയളവിലാണ് അനഭവപ്പെടുന്നത് എന്ന് കത്തൊമോ ?

| ഋതുക്കൾ | ശൈത്യകാലം | ഉഷ്ണകാലം | തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം | വടക്കുകിഴക്കൻ മൺസൂൺ കാലം |
|---|---|---|---|---|
| അനുഭവപ്പെടുന്ന കാലയളവ് | ഡിസംബർ മുതൽ ഫെബ്രുവരിവരെ | | | |

***സൂചന :*** മാർച്ച് മുതൽ ജൂൺ വരെ, ജൂൺ മുതൽ സെപ്തംബർ വരെ, ഒക്ടോബർ, നവംബർ മാസങ്ങളിൽ

**പ്രവർത്തനം -11**

കാറ്റിനഭിമുഖമായ പർവ്വതച്ചരിവുകളിൽ ശക്തമായ മഴയും പ്രതിമുഖമായ പർവ്വതച്ചരിവുകളില മഴനിഴൽ പ്രദേശമാണ്. ഈ പ്രസ്താവന എത്രത്തോളം ശരിയാണ്.

**സൂചന:**

കാറ്റിന്റെ അഭിമുഖ ഭാഗങ്ങളിൽ മഴ ശക്തമാണ്
കാറ്റിന്റെ പ്രതിമുഖ ഭാഗങ്ങളില മഴനിഴൽ പ്രദേശമാണ്
പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുഭാഗം - കാറ്റിനഭിമുഖം
പൂർവ്വാചലിന്റെ തെക്കുഭാഗം - കാറ്റിനഭിമുഖം
പൂർവ്വാചലിന്റെ തെക്കു പടിഞ്ഞാറു ഭാഗം - കാറ്റിനഭിമുഖം
ഹിമാലയത്തിന്റെ തെക്കുഭാഗം - കാറ്റിനഭിമുഖം
പൂർവ്വഘട്ടത്തിന്റെ കിഴക്കുഭാഗം- കാറ്റിനഭിമുഖം
ഈ ഭാഗങ്ങളിൽ മഴ വളരെ ശക്തമാണ്.

പശ്ചിമഘട്ടത്തിന്റെ കിഴക്ക് ഭാഗം, ആരവല്ലിയുടെ വടക്കുഭാഗം - കാറ്റിന് പ്രതിമുഖമാണ്- മഴ കുറവാണ്
പർവ്വതങ്ങളുടെ സാമീപ്യമില്ലാത്തഭാഗങ്ങളിൽ മഴ തീരേ കുറവായാണ് കാണപ്പെടുന്നത്.

**പ്രവർത്തനം -12**

ഇന്ത്യൻ സമൂഹത്തിന്റെ വളർച്ചക്കും വികാസങ്ങളിലും ഉത്തരപർവ്വത മേഖലയ്ക്കും ഉത്തരമഹാസമതലത്തിനുമുള്ള സ്വാധീനം എന്ന വിഷയത്തിൽ ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക ഇന്ത്യയുടെ ഭൂപ്രകൃതി, കാലാവസ്ഥ, സംസ്കാരം, ജനജീവിതം, കൃഷി സമ്പദ് വ്യവസ്ഥ എന്നിവയുടെ രൂപം കൊള്ളലിൽ ഉത്തരപർവ്വതമേഖലയും ഉത്തരസഹാസമതലവും വഹിച്ച പങ്ക് വിശദമാക്കുക.

| ഉത്തരപർവ്വത മേഖല | ഉത്തരമഹാസമതലം |
|---|---|
| * ഇന്ത്യയുടെ വടക്ക് ഭാഗത്ത് ഒരു പ്രകൃതിദത്ത മതിൽപോലെ നിലകൊള്ളുന്നു.<br>* വിദേശികളുടെ ആക്രമണത്തെ ഒരു പരിധിവരെ തടയുന്നു.<br>* ഒരു തനത് സംസ്കാരം ഇന്ത്യയിൽ വളർന്നു വരാൻ ഇടയായി<br>* തെക്കുപടിഞ്ഞാറൻ മൺസൂണിനെ തടഞ്ഞ് മഴ പെയ്യിക്കുന്നു.<br>* അനേകം നദികളുടെ ഉത്ഭവസ്ഥാനം<br>* ഇന്ത്യയുടെ ഭക്ഷ്യ കലവറയായ ഉത്തര മഹാസമതലത്തിന്റെ രൂപീകരണത്തിനിടയാക്കുന്നു.<br>* വൈവിധ്യമാർന്ന സസ്യ-ജന്തുജാലങ്ങളുടെ ആവാസ കേന്ദ്രം<br>* കുളിർമയേകുന്ന കാലാവസ്ഥയും സുന്ദരമായ ഭൂപ്രകൃതിയുമുള്ള ഈ മേഖല സഞ്ചാരികളുടെ പറുദീസയാണ്.<br>* ട്രാൻസ് ഹിമാലയം, ഹിമാലയം,കിഴക്കൻ മലനിരകൾ എന്നിവ ഉൾപ്പെടുന്നു.<br>* ഹിമാലയം 3 നിരകളായി കാണപ്പെടുന്നു.<br>* തെക്കുപടിഞ്ഞാറൻ മൺസൂണിനെ തടഞ്ഞ് മഴ പെയ്യിക്കുന്നു. ഹിമാദ്രി, ഹിമാചൽ, സിവാലിക് | * വടക്ക് ഉത്തരപർവ്വത മേഖലയ്ക്കും, തെക്ക് ഉപദ്വീപീയ പീഠഭൂമിക്കുമിടക്ക് സ്ഥിതിചെയ്യുന്നു.<br>* ഉത്തരപർവ്വതമേഖലയിൽ നിന്നും ഉത്ഭവിക്കുന്ന നദികളുടെ എക്കൽ നിക്ഷേപത്തിലൂടെ രൂപംകൊ.<br>* ലോകത്തിലെ തന്നെ ഏറ്റവും വലിയ എക്കൽ സമതലം<br>* ഭാരതീയ സംസ്കാരങ്ങളുടെ ഈറ്റില്ലം<br>* ഇന്ത്യൻ കാർഷികമേഖലയുടെ നട്ടെല്ല്<br>* ഫലഫൂയിഷ്ടമായ എക്കൽ നിക്ഷേപത്തിൽ രൂപംകൊതിനാൽ ഇന്ത്യയുടെ ഭക്ഷ്യകലവറ<br>* ലോകത്തിലെ ജനസാന്ദ്രതയേറിയ മേഖല<br>* വൻനഗരങ്ങളും വ്യവസായകേന്ദ്രങ്ങളും ഈ മേഖലയിൽ സ്ഥിതി ചെയ്യുന്നു.<br>* റെയിൽ, റോഡ് ഗതാഗത ശൃംഖല കാണപ്പെടുന്നു.<br>* 4 ഭാഗങ്ങൾ<br>1. പഞ്ചാബ്-ഹരിയാന സമതലം<br>2. രാജസ്ഥാൻ- മരുസ്ഥലി-ഭാഗർ സമതലം<br>3. ഗംഗാസമതലം<br>4. ആസാമിലെ ബ്രഹ്മപുത്രാസമതലം.<br>* ഉത്തരമഹാസമതലത്തിൽ നദികൾ സൃഷ്ടിച്ച ഭൂരൂപങ്ങൾ<br>a) ഭാഗർ b) ഖാദർ<br>* ഏഴ്ലക്ഷം ചതുരശ്ര.കീ.മീറ്റർ വിസ്തൃതി |

**പ്രവർത്തനം -13**

* ഉപദ്വീപിയ പീഠഭൂമിയുടെ സവിശേഷതകൾ വിലയിരുത്തുക
* ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഭൂഭാഗം (15 ലക്ഷം ച.കീ.മീ വിസ്തൃതി)
* ഉത്തരമഹാസമതലത്തിന് തെക്ക് സ്ഥിതി ചെയ്യുന്നു.
* ആഗ്നേയ ശിലകളും, കായാന്തര ശിലകളും ധാരാളമായി കാണപ്പെടുന്നു.
* ഏറ്റവും ഉറപ്പേറിയ ശിലകൾ
* ധാതുനിക്ഷേപങ്ങളുടെ കലവറ
* പർവ്വതങ്ങൾ, പീഠഭൂമികൾ, താഴ്വരകൾ എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന ഭൂപ്രകൃതി
* സമുദ്രനിരപ്പിൽ നിന്ന് ശരാശരി 400 മീറ്ററിന് മുകളിൽ ഉയരം.
* ഇവിടെ നിന്ന് ഉദ്ഭവിക്കുന്ന മിക്ക നദികളും കിഴക്കോട്ട് ഒഴുകുന്നു.
* 2695 മീറ്റർ ഉയരമുള്ള ആനമുടിയാണ് ഈ മേഖലയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.
* 9 ഉപവിഭാഗങ്ങൾ

| | | |
|---|---|---|
| 1. ആരവല്ലി പർവ്വതം | 2. മാൾവ പീഠഭൂമി | 3. വിന്ധ്യാനിരകൾ |
| 4. സത്പുരനിരകൾ | 5. ഛോട്ടാനാഗ്പൂർ | 6. പശ്ചിമഘട്ടം |
| 7. പൂർവ്വഘട്ടം | 8. ഡക്കാൻ പീഠഭൂമി | 9. ഗുജറാത്തിലെ കച്ച്, കത്തിയവാർ |

* ഡക്കാൻ പീഠഭൂമിയുടെ വടക്ക് പടിഞ്ഞാറ് ഭാഗം ലാവ തണുത്തുറഞ്ഞ പ്രദേശം. ഡക്കാൻ ട്രാപ്മേഖല.
* ഡക്കാൻ ട്രാപ്പ് മേഖല കറുത്ത പരുത്തി മണ്ണ് (റിഗർ) കാണപ്പെടുന്ന പ്രദേശം.

**പ്രവർത്തനം -14**

* ഉത്തരായാന രേഖ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ
* ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ത്രിപുര, മിസോറാം.

**പ്രവർത്തനം -15**

ഹിമാലയൻ നദികളുടെയും ഉപദ്വീപിയ നദികളുടെയും പൊതു സവിശേഷതകളെ അടിസ്ഥാനമാക്കി താരതമ്യം ചെയ്യുക.

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| * നീളമേറിയത് | * താരതമ്യേന നീളം കുറഞ്ഞത് |
| * അതിവിസ്തൃതമായ വൃഷ്ടി പ്രദേശം | * താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| * ജലസമ്പത്ത് കൂടുതൽ | * ജലസമ്പത്ത് താരതമ്യേന കുറവ് |
| * മഴ, മഞ്ഞ് എന്നിവയിൽ നിന്നും ജലം ലഭിക്കുന്നു. | * മഴയിൽ നിന്ന് മാത്രം ജലം |
| * അപരദനതീവ്രത കൂടുതൽ | * അപരദന തീവ്രത താരതമ്യേന കുറവ് |
| * പർവ്വതമേഖലയിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു. | * കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധ താഴ്‌വരകൾ സൃഷ്ടിക്കുന്നില്ല. |
| * സമതലങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | * ഉൾനാടൻ ജലഗതാഗത സാധ്യത താരതമ്യേന കുറവ് |
| * ഡൽറ്റകൾ സൃഷ്ടിക്കുന്നു. | * കിഴക്കോട്ട് ഒഴുകുന്നവ ഡൽറ്റകളും പടിഞ്ഞാറോട്ട് ഒഴുകുന്നവ അഴിമുഖങ്ങളും സൃഷ്ടിക്കുന്നു. |
| * വൈദ്യുതോല്പാദന സാധ്യത താരതമ്യേന കുറവ് | * വൈദ്യുതോല്പാദന സാധ്യത കൂടുതൽ |
| | * വിനോദ സഞ്ചാര സാധ്യത കൂടുതൽ |

**പ്രവർത്തനം -16**

താഴെകൊടുത്തിരിക്കുന്ന നഗരങ്ങൾ ഏതേത് നദികളുടെ തീരത്ത് സ്ഥിതി ചെയ്യുന്നുവെന്ന് കത്തെുക.

* തഞ്ചാവൂർ
* കട്ടക്ക്
* വിജയവാഡ
* ദേവപ്രയാഗ്
* ഗുഹാവതി
* ആഗ്ര
* ലഡാക്ക്
* തിരുച്ചിറപ്പള്ളി
* ബറൂച്ച്
* കൊൽക്കത്ത
* സൂറത്ത്

| | | | | | |
|---|---|---|---|---|---|
| തഞ്ചാവൂർ | - | കാവേരി | ആഗ്ര | - | യമുന |
| കട്ടക്ക് | - | മഹാനദി | ലഡാക്ക് | - | സിന്ധു |
| വിജയവാഡ | - | കൃഷ്ണ | തിരുച്ചിറപ്പള്ളി | - | കാവേരി |
| ദേവപ്രയാഗ് | - | ഗംഗ | ബറൂച്ച് | - | നർമ്മദ |
| ഗുവാഹത്തി | - | ബ്രഹ്മപുത്ര | കൊൽക്കത്ത | - | ഹൂഗ്ലി |
| | | | സൂററ്റ് | - | താപ്തി |

**പ്രവർത്തനം-17**

പശ്ചിമതീര സമതലത്തിന്റെയും പൂർവതീര സമതലത്തിന്റെയും സവിശേഷതകൾ കത്തെി താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക.

| പശ്ചിമതീരസമതലം | പൂർവതീരസമതലം |
|---|---|
| * അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ | * ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ |
| * റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരിവരെ | * സുന്ദരവനം മുതൽ കന്യാകുമാരിവരെ |
| * താരതമ്യേന വീതികുറവ് | * താരതമ്യേന വീതി കൂടുതൽ |
| * ഗുജറാത്ത് തീരസമതലം,കൊങ്കൺ തീര സമതലം മലബാർ തീര സമതലം, എന്നിങ്ങനെ തിരിക്കാം 3 ഭാഗങ്ങളായി തിരിക്കാം. | * കോറമണ്ഡൽ തീരസമതലം, വടക്കൻ സിർക്കാസ് തീര സമതലം എന്നിങ്ങനെ തിരിക്കാം. |

| പശ്ചിമതീരസമതലം | പൂർവതീരസമതലം |
|---|---|
| * പടിഞ്ഞാറൻ തീരത്ത് കായലുകളും അഴീമുഖങ്ങളും കാണപ്പെടുന്നു.<br>* തെക്കുപടിഞ്ഞാറൻ മൺസൂൺ ഏറ്റവുമധികം ലഭിക്കുന്നു.<br>* അറബിക്കടലിന് സമാന്തരം | * പൂർവതീരത്ത് ഡെൽറ്റ പ്രദേശം രൂപം കൊള്ളുന്നു<br>* വടക്കുകിഴക്കൻ മൺസൂണിന്റെ സ്വാധീനമേഖല<br>* ബംഗാൾ ഉൾക്കടലിന് സമാന്തരം. |

**തുടർ പ്രവർത്തനങ്ങൾ**

1. ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്നവ കത്തെുക
   1. അറബിക്കടലിനു സമാന്തരമായ പർവ്വതനിര
   2. ഥാർ മരുഭൂമി രൂപപ്പെടാൻ കാരണമായ പർവ്വതനിര
   3. ഉത്തരായന രേഖയും മാനരേഖാംശവും തമ്മിൽ സന്ധിക്കുന്ന സംസ്ഥാനം
   4. ബംഗാൾ ഉൾക്കടലും ഹിമാ.ലയ പർവ്വതഭാഗവും അതിർത്തിയായ സംസ്ഥാനം
   5. ഇന്ത്യയുടെ ഏറ്റവും തെക്കെ അറ്റം

***സൂചന:***

   1. പശ്ചിമഘട്ടം
   2. ആരവല്ലി പർവ്വത നിര
   3. ഛത്തീസ്ഗഡ്
   4. പശ്ചിമബംഗാൾ
   5. ഇന്ദിരാ പോയിന്റ്

2. പാഠഭാഗത്തേയും ഭൂപടങ്ങളേയും അടിസ്ഥാനമാക്കി ഉത്തരപർവതമേഖലയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

***സൂചന:***

ട്രാൻസ് ഹിമാലയം
ഹിമാലയം
കിഴക്കൻ മലകൾ

3. ഉപദ്വീപിയ നദികളെ കിഴക്കോട്ടൊഴുകുന്നവ, പടിഞ്ഞാറോട്ടൊഴുകുന്നവ എന്നിങ്ങനെ തരം തിരിച്ച് കുറിപ്പ് തയ്യാറാക്കുക.

***സൂചന:***

മഹാനദി, ഗോദാവരി,കൃഷ്ണ, കാവേരി- കിഴക്കോട്ടൊഴുകുന്നു.
നർമ്മദ,താപ്തി, പടിഞ്ഞാറോട്ടൊഴുകുന്നു

4. മഴയുടെ വിതരണത്തിലുള്ള അസംതുലിതാവസ്ഥക്കുള്ള കാരണങ്ങൾ കത്തെുക

***സൂചന:***

കാറ്റിന്റെ ദിശ
പർവ്വതനിരകളുടെ സ്ഥാനം
ഭൂഭാഗത്തിന്റെ വിസ്തൃതി
സമുദ്രസാമീപ്യം
സമുദ്രത്തിൽ നിന്നുള്ള അകലം.

**2**

# ഇന്ത്യ - വിഭവങ്ങൾ

## രൂപപ്പെടേ പ്രധാന ആശയങ്ങൾ

ഇന്ത്യയിലെ വിവിധ പ്രകൃതി വിഭവങ്ങൾ, അവയുടെ വിതരണം, ഉപയോഗക്രമം, അപജയം, സംരക്ഷണത്തിന്റെ പ്രാധാന്യം, കാർഷിക പരിസ്ഥിതി, കാർഷിക സവിശേഷതകൾ, വിവിധതരം വിളകൾ, ഊർജ്ജ-ധാതുവിഭവങ്ങൾ, ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ ഇവയുടെയെല്ലാം പ്രാധാന്യം എന്നിവയെക്കുറിച്ച് വിവിധവായനാസാമഗ്രികൾ, സ്ഥിതി വിവരക്കണക്കുകൾ, റിപ്പോർട്ടുകൾ, ഐ.ടി., അഭിമുഖം, പഠനയാത്രകൾ എന്നിവയിലൂടെ വിവരശേഖരണം നടത്തി ഭൂപടങ്ങൾ, പട്ടികകൾ,സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും

### പ്രവർത്തനം-1

പ്രാചീന മനുഷ്യൻ പ്രകൃതിയിൽ നിന്ന് ഉപയോഗപ്പെടുത്തിയ വസ്തുക്കൾ എന്തെല്ലാം? ഇന്നത്തെ മനുഷ്യൻ പ്രകൃതിയിൽ നിന്ന് ഉപയോഗപ്പെടുത്തിയ വസ്തുക്കൾ എന്തെല്ലാം?

പ്രകൃതിവിഭവങ്ങളിൽ ജലവിഭവത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഒരു ആമുഖ ചർച്ച, ഒടുവിൽ ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളെക്കുറിച്ച് അധ്യാപകന്റെ ക്രോഡീകരണം, കുട്ടികളോട് വ്യക്തിപരമായി കുറിപ്പുകൾ തയ്യാറാക്കാനാവശ്യപ്പെടുന്നു.

**CWSN** സഹപാഠികളുടെ സഹായത്തോടെ കുറിപ്പ് തയ്യാറാക്കുന്നു.

### പ്രവർത്തനം-2

വിവിധോദ്ദേശ്യ പദ്ധതികളുടെ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പദസൂര്യനാണ് താഴെ നൽകിയിരിക്കുന്നത്. പദങ്ങൾ ചേർത്ത് വിപുലപ്പെടുത്തുക.

**CWSN HI, VI, MR** കുട്ടികൾ പദസൂര്യൻ പൂർത്തിയാക്കുന്നു.




### പ്രവർത്തനം-3

ഇന്ത്യയിലെ പ്രധാന നദീതട പദ്ധതികൾ കത്തെി അവയുടെ ഉപയോഗം രേഖപ്പെടുത്തുക.

അവതരണം-ക്രോഡീകരണം

പട്ടികയിലെ സൂചകങ്ങളെ അടിസ്ഥാനമാക്കി മറ്റു കോളങ്ങൾ അനുയോജ്യമായ രീതിയിൽ പൂർത്തിയാക്കുക

| ന. | പദ്ധതി | നദി | ഗുണഭോക്തൃ സ്ഥാനങ്ങൾ | ഉദ്ദ്യേശ്യങ്ങൾ |
|---|---|---|---|---|
| 1 | ......................... | ദാമോദർ | ........... | വെള്ളപ്പൊക്കനിയന്ത്രണം ജലസേചനം,വൈദ്യുത ഉൽപാദനം |
| 2 | ഭക്രാനംഗൽ | ............. | ............. | .................................. |
| 3. | ..................... | മഹാനദി | .............. | ................................. |
| 4. | കോസീനദീതടപദ്ധതി | ............... | ബീഹാർ | .................................. |
| 5. | ..................................... | കൃഷ്ണ | ............. | ............................ |
| 6. | ഇന്ദിരാഗാന്ധികനാൽ | ............. | .................. | ജലസേചനം |

സൂചന: പാഠപുസ്തകത്തിലെ പട്ടിക വിലയിരുത്തലിനായി ഉപയോഗിക്കുക

CWSN HI, VI, MR T.B. ഉപയോഗിച്ച് പട്ടിക പൂർത്തിയാക്കുന്നു.

## പ്രവർത്തനം-4

ജലദൗർലഭ്യം കാണിക്കുന്ന ചിത്രങ്ങൾ, പത്രകട്ടിംഗുകൾ കാണിച്ചുകൊ് മഴയുടെ ലഭ്യത വളരെ കൂടിയ കേരളത്തിൽ പോലും ജലദൗർലഭ്യം രൂക്ഷമായതെന്തുകൊ് എന്നതിന്റെ കാരണം കത്തുക

മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവിധ വാർത്താ മാദ്ധ്യമങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ഒരു സെമിനാർ തയ്യാറാക്കുക. സെമിനാറിലേക്കായി ജലസംരക്ഷണ പ്രാധാന്യം വ്യക്തമാക്കുന്ന മുദ്രാവാക്യങ്ങൾ തയ്യാറാക്കുക.

സൂചകങ്ങൾ

വിവിധജലസ്രോതസ്സുകൾ-ശുദ്ധജലത്തിന്റെ അളവ്- വിവിധ ആവശ്യകത-മലിനീകരണം -ജലചൂഷണം-ജലസംരക്ഷണത്തിന്റെ ആവശ്യകത- അവതരണം-ക്രോഡീകരണം.

CWSN കുടുംബാഗംങ്ങളുടെ സഹായത്തോടെ ചിത്രങ്ങൾ ശേഖരിക്കുന്നു. മുദ്രാവാക്യങ്ങൾ തയ്യാറാക്കുന്നു.

സഹപാഠികളുടെ സഹായത്തോടെ സെമിനാർ.

## പ്രവർത്തനം-5

കുട്ടികളെ മണ്ണിനങ്ങളുടെ അടിസ്ഥാനത്തിൻ ഗ്രൂപ്പുകളായി തിരിച്ച് മണ്ണിനങ്ങൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ കാണിക്കുന്ന OHP ഷീറ്റ് എന്നിവയുടെ ഭൂപടങ്ങൾ നൽകി മണ്ണിനങ്ങൾ, അവ കാണപ്പെടുന്ന സംസ്ഥാനങ്ങൾ, സവിശേഷതകൾ, വിവിധ ഗ്രൂപ്പുകളുടെ സഹായത്തോടെ (TB യുടെ പ്രസക്ത ഭാഗം കൂടിനൽകണം) ഓരോ ഗ്രൂപ്പും കത്തെി പട്ടികപ്പെടുത്തുക.

## പ്രവർത്തനം-6

ഇന്ത്യയിലെ നൈസർഗ്ഗിക സസ്യജാലങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

CWSN ചാർട്ട് പ്രദർശനം/പീർ ഗ്രൂപ്പ് വർക്ക്

| ന. | സസ്യവിഭാഗങ്ങൾ | അനുയോജ്യമായ കാലാവസ്ഥാ ഘടകങ്ങൾ | പ്രധാനസസ്യഇനങ്ങൾ |
|---|---|---|---|
| 1. | ഉഷ്ണമേഖലാ മഴക്കാടുകൾ | 200 സെ.മീ.കൂടുതൽ<br>25°c-27°c ഊഷ്മാവ് | ................................................ |
| 2. | ................................................ | ................................................ | തേക്ക്,സാൽ,ചന്ദനം,<br>മുള,സെമൂൽ |
| 3. | മുൾച്ചെടികളും,കുറ്റിക്കാടുകളും | ................................................ | ................................................ |
| 4. | ................................................ | 100,200,സെ.മീ. മഴ<br>20°c ൽ കുറവ് ഊഷ്മാവ് | ................................................ |
| 5. | ആൽപൈൻ,രുന്ദ്ര, സസ്യജാലങ്ങൾ | ................................................ | സിൽവർഫിർ,പൈൻ,ജൂനിപെർ,ബിർച്ച് |

**CWSN പാഠപുസ്തകത്തിന്റെ സഹായത്തോടെ പട്ടിക പൂർത്തിയാക്കുന്നു.**

### പ്രവർത്തനം-7

**ധാതുവിഭവങ്ങളെ ലോഹധാതുക്കൾ, അലോഹധാതുക്കൾ എന്നിങ്ങനെ തരം തിരിച്ച് വിവിധ വായന സാമഗ്രികളുടെ സഹായത്തോടെ ഒരു ലഘുവിവരണം തയ്യാറാക്കുക.**

### പ്രവർത്തനം-8

**വായനാസാമഗ്രികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് ഇന്ത്യയിലെ ഭക്ഷ്യവിളകൾ, നാണ്യവിളകൾ എന്നീ മേഖലകളായി തിരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ ഒരു സെമിനാർ തയ്യാറാക്കുക.**
**സൂചന : TB യിലെ പ്രസക്ത ഭാഗങ്ങൾ**

### പ്രവർത്തനം-9

**ഇന്ത്യയിലെ ഋതു വ്യത്യാസങ്ങൾ അനുസരിച്ചുള്ള കാർഷിക വിളകളെ തരം തിരിച്ചിരിക്കുന്ന ഒരു പട്ടികയാണ് താഴെ നൽകിയിരിക്കുന്നത്. അനുയോജ്യമായ രീതിയിൽ പട്ടിക പൂർത്തിയാക്കുക.**

| പേര് | വിളയിറക്കൽ കാലം | വിളവെടുപ്പുകാലം | പ്രധാനവിളകൾ |
|---|---|---|---|
| ഖാരിഫ് | -- | നവംബർ ആദ്യവാരം<br>(മൺസൂണിന്റെ അവസാനം) | -- |
| -- | നവംബർ മദ്ധ്യം<br>(ശൈത്യകാലാരംഭം) | -- | ഗോതമ്പ്,പുകയില,കടുക്,<br>പയറുവർഗങ്ങൾ,നിലക്കടല |
| -- | മാർച്ച് (വേനലിന്റെ ആരംഭം) | -- | -- |

### പ്രവർത്തനം-10

**താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വായനാസാമഗ്രികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് അനുയോജ്യമായ രീതിയിൽ പൂർത്തിയാക്കുക.**

| ക്ര.ന | പ്രധാന കാർഷിക വിളകൾ | കേന്ദ്രീകൃത സംസ്ഥാനങ്ങൾ | ഭൂമിശാസ്ത്ര ഘടകങ്ങൾ | | | മറ്റ് സവിശേഷതകൾ |
|---|---|---|---|---|---|---|
| | | | മഴ | മണ്ണ് | ഊഷ്മാവ് | |
| | | | | | | |

### പ്രവർത്തനം-11

ദൈനംദിന ജീവിതത്തിൽ നാം പ്രയോജനപ്പെടുത്തുന്ന ഊർജ്ജസ്രോതസ്സുകൾ പട്ടികപ്പെടുത്തുക- അവതരണം-ഊർജ്ജവിഭവങ്ങളെ പരമ്പരാഗത ഊർജ്ജ വിഭവങ്ങളെന്നും പാരമ്പര്യേതര ഊർജ്ജ വിഭവങ്ങളെന്നും തരം തിരിച്ച് പട്ടിക പൂർത്തിയാക്കുക.

| പരമ്പരാഗത ഊർജ്ജ വിഭവങ്ങൾ | പാരമ്പര്യേതര ഊർജ്ജ വിഭവങ്ങൾ |
|---|---|
| കൽക്കരി | സൗരോർജ്ജം |
| ................................................................................ | ................................................................................ |
| ................................................................................ | ................................................................................ |
| ................................................................................ | ................................................................................ |

സൂചന:

* പരമ്പരാഗത ഊർജ്ജസ്രോതസ്സുകൾ : പെട്രോളിയം,പ്രകൃതിവാതകം, താപവൈദ്യുതി, ജലവൈദ്യുതി, ആണവവൈദ്യുതി.
* പാരമ്പര്യേതര ഊർജ്ജവിഭവങ്ങൾ : കാറ്റിൽ നിന്നുള്ള വൈദ്യുതി, ജൈവവാതകം,വേലിയോർജ്ജം, തിരമാലയിൽ നിന്നുള്ള ഊർജ്ജം, ഭൗമ താപോർജ്ജം.

### പ്രവർത്തനം-12

കൽക്കരിയുടെ വിവിധ രൂപങ്ങൾ, അവയുടെ സവിശേഷതകൾ, ഇന്ത്യയിൽ ഇവ കാണപ്പെടുന്ന സംസ്ഥാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ ഒരു വിവരണം തയ്യാറാക്കുക.

### പ്രവർത്തനം-13

പത്രകട്ടിങ്ങുകളുടെ സഹായത്തോടെ ഊർജ്ജ പ്രതിസന്ധിയുടെ രൂക്ഷത വ്യക്തമാക്കാൻ ശ്രമിക്കാവുന്നതാണ്.

ഇന്ത്യ നേരിടുന്ന ഊർജ്ജ പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും എന്ന പതിപ്പിലേക്കായി പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ഊർജ്ജ പ്രതിസന്ധികൾക്ക് പരിഹാരമാർഗങ്ങൾ എന്നീ മേഖലകളായി തിരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ വിവരശേഖരണം നടത്തി പതിപ്പ് പൂർത്തിയാക്കുക.

## തുടർ പ്രവർത്തനങ്ങൾ

1. ഇന്ത്യയുടെ രൂപരേഖയിൽ പ്രധാന മണ്ണിനങ്ങൾ കാണപ്പെടുന്ന ഭൂവിഭാഗങ്ങൾ സ്ഥാനനിർണ്ണയംചെയ്യുക.
   സൂചകം : എക്കൽമണ്ണ്, കറുത്തമണ്ണ്, പർവതമണ്ണ്, ചെങ്കൽമണ്ണ്, മരുഭൂമി മണ്ണ്.
2. ഇന്ത്യയിലെ നൈസർഗിക സസ്യജാലങ്ങളെ അടിസ്ഥാനമാക്കി അവ കാണപ്പെടുന്ന പ്രദേശങ്ങൾ രൂപരേഖയിൽ സ്ഥാന നിർണ്ണയം ചെയ്യുക
   സൂചകം : ഉഷ്ണമേഖല മഴക്കാടുകൾ,ഉഷ്ണമേഖല ഇലപൊഴിയും കാടുകൾ, മുൾച്ചെടികളും, കുറ്റിക്കാടുകളും, മിതശീതോഷ്ണ വനങ്ങളും, പുൽമേടുകളും, ആൽപൈൻ,തുന്ദ്ര, സസ്യജാലങ്ങൾ
3. ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്ന ധാതുവിഭവങ്ങൾ കാണപ്പെടുന്ന പ്രദേശങ്ങൾ പ്രത്യേക സൂചകങ്ങൾ നൽകി സ്ഥാനനിർണ്ണയം ചെയ്യുക.
   ഇരുമ്പയിര്, മാംഗനീസ്, കൽക്കരി, (TBയിലെ ഭൂപടങ്ങൾ പ്രയോജനപ്പെടുത്തുക)
4. ഇന്ത്യയുടെ രൂപരേഖയിൽ നെല്ല്, ഗോതമ്പ്, എന്നീ വിളകൾ കൃഷി ചെയ്യുന്ന പ്രദേശങ്ങൾ പ്രത്യേക സൂചകങ്ങൾ നൽകി സ്ഥാനനിർണ്ണയം ചെയ്യുക. (TBയിലെ ബന്ധപ്പെട്ട ഭൂപടങ്ങൾ പ്രയോജനപ്പെടുത്തുക)
5. ചുവടെ തന്നിരിക്കുന്ന വിവരങ്ങളിൽ എ കോളത്തിൽ കൊടുത്തിരിക്കുന്നവക്ക് യോജിക്കുന്നവ ബി. സി.: കോളങ്ങളിൽ നിന്നും കണ്ടെത്തി രേഖപ്പെടുത്തുക

| A | B | C |
| --- | --- | --- |
| ബോക്സൈറ്റ് | പഞ്ചാബ് | ഝാർഖണ്ഡ് |
| ചെമ്പ് | അമൃത്സർ | ഛത്തീസ്ഗഢ് |
| ഭക്രാനംഗൽ | ബിലാസ്പൂർ | പഞ്ചാബ് |
| കമ്പിളി | സിങ്ഭം | സത്‌ലജ് |

**സൂചന**

| A | B | C |
| --- | --- | --- |
| ബോക്സൈറ്റ് | ബിലാസ്പൂർ | ഛത്തീസ്ഗഢ് |
| ചെമ്പ് | സിങ്ഭം | ഝാർഖണ്ഡ് |
| ഭക്രാനംഗൽ | പഞ്ചാബ് | സത്‌ലജ് |
| കമ്പിളി | അമൃത്സർ | പഞ്ചാബ് |

**3**

# വ്യവസായം-ഗതാഗതം-വാർത്താവിനിമയം

## രൂപപ്പെടേ പ്രധാന ആശയങ്ങൾ

- വ്യവസായസ്ഥാനനിർണ്ണയത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
- കൃഷി അധിഷ്ഠിത, ധാതു അധിഷ്ഠിത വ്യവസായങ്ങൾ
- വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്ന മേഖലകൾ
- വ്യവസായങ്ങളുടെ തുടക്കം,വളർച്ചക്ക് കാരണമായ പാശ്ചാത്തലങ്ങൾ
- വൈവിദ്ധ്യമാർന്ന ഗതാഗത സംവിധാനങ്ങൾ-അവയുടെ വളർച്ചയിൽ ഭൂപ്രകൃതിയുടെ സ്വാധീനം
- വാർത്താ വിനിമയ ഉപാധികൾ, ആധുനിക ലോകത്ത് അവയുടെ സ്വാധീനം

### പ്രവർത്തനം-1

വ്യത്യസ്ത വ്യവസായങ്ങൾ രേഖപ്പെടുത്തിയ സ്ലിപ്പ് നൽകി ഇത് ഏതേത് പ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്? ഗ്രൂപ്പിൽ കത്തെി അവതരണം ഏതെങ്കിലും ഒരു പ്രദേശവും, അവിടുത്തെ ഒരു വ്യവസായവും ചർച്ചക്ക് വിധേയമാക്കി പദസൂര്യൻ നൽകുന്നു.

ഉദാ: പരുത്തി,തുണി,വ്യവസായം മുംബൈയിൽ കേന്ദ്രീകരിക്കാനുള്ള കാരണങ്ങളുമായി ബന്ധപ്പെട്ട പദസൂര്യനാണ് താഴെ നൽകിയിരിക്കുന്നത്. പൂർത്തീകരിക്കുക




**CWSN** പദസൂര്യൻ **TB** സഹായത്തോടെ പൂർത്തിയാക്കുന്നു.
സൂചന: മറ്റു സ്ഥാനീയ ഘടകങ്ങൾ **TB** സഹായത്തോടെ കത്തെുക.

### പ്രവർത്തനം-2

ഇന്ത്യയിലെ പ്രധാന വ്യവസായങ്ങൾ കുട്ടികളോട് ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെടുന്നു. കുട്ടികൾ അവതരിപ്പിക്കുന്നു. **TB**യിൽ രേഖപ്പെടുത്തുന്നു. ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ അവയെ വേർതിരിച്ച് പട്ടികപ്പെടുത്തുന്നു.

| |
|---|
| പരുത്തിത്തുണി |
| ചണവ്യവസായം |
| സിമന്റ് വ്യവസായം |
| റബ്ബർ |
| കമ്പിളി |
| പഞ്ചസാര |
| പട്ടുനൂൽ |
| പേപ്പർ |
| അലുമിനിയം |

സൂചന: കൃഷിയധിഷ്ഠിത വ്യവസായം
ധാതു അധിഷ്ഠിത വ്യവസായം

**പ്രവർത്തനം-3**

ഇരുമ്പിന്റെ പ്രാധാന്യം നിത്യജീവിതത്തിൽ എന്ന ചർച്ച നടത്തി ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്ക് ശാലകൾ ഏതെല്ലാമെന്നും ഇവ ഏത് സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നുവെന്നും കുട്ടികൾ കത്തെുന്നു.

***സൂചന:***

| സംസ്ഥാനം | ഇരുമ്പുരുക്ക് ശാലകൾ |
|---|---|
| ഝാർക്കണ്ഡ് | ബൊക്കാറോ |
| ............................................................................ | ............................................................................ |
| ............................................................................ | ............................................................................ |
| ............................................................................ | ............................................................................ |

കത്തെിയ വ്യവസായ ശാലകൾ ആരംഭിച്ച വർഷം, ഏത് രാജ്യത്തിന്റെ സഹായത്താലാണ് സ്ഥാപിച്ചതെന്നും **TB** യുടെ സഹായത്തോടെ കത്തെുന്നു. ചാർട്ട് പ്രദർശിപ്പിക്കുന്നു.

പാഠപുസ്തകത്തിലെ പ്രസക്തഭാഗം-പട്ടിക

ഇവപ്രധാനമായും ഝാർക്കണ്ഡ്, ഒറീസ്സ, ഛത്തീസ്ഘഡ്, ബംഗാൾ എന്നിവിടങ്ങളിലായി കേന്ദ്രീകരിച്ചത് കുട്ടികൾ തിരിച്ചറിയുന്നു-കാരണം കത്തെുന്നു.




ഇതുപോലെ മറ്റ് വ്യവസായങ്ങളായ പഞ്ചസാര, അലുമിനിയം, സിമന്റ്,ചണം,........ എന്നിവയുടെ സ്ഥാനീയ ഘടകങ്ങൾ കത്തെുമല്ലോ?

**പ്രവർത്തനം - 4**

ഇന്ത്യയിലെ പ്രധാന ഗതാഗതോപാധികൾ ഏതെല്ലാമെന്ന് കുട്ടികളോട് ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെടുന്നു. BB യിൽ രേഖപ്പെടുത്തുന്നു. ഇവയിൽ ഏതെല്ലാം ഗതാഗത സൗകര്യങ്ങൾ കേരളത്തിൽ ലഭ്യമാണ്.

ഇന്ത്യയിലെ പ്രധാന ദേശീയ പാതകളും അവ കടന്നുപോകുന്ന സംസ്ഥാനങ്ങളും ടി.ബി യിലെ പ്രസക്ത ഭാഗത്തിന്റെ സഹായത്തോടെ കണ്ടെത്തുന്നു. നിങ്ങളുടെ പ്രദേശത്തെ എൻ.എച്ച്., എസ്.എച്ച് റോഡുകൾ ഏതെല്ലാമെന്ന് തിരിച്ചറിയുക.

**സൂചന:**

റോഡുകളുടെ വർഗീകരണത്തെക്കുറിച്ചുള്ള ആശയവ്യക്തത കുട്ടികൾക്കു നൽകുമല്ലോ? ദേശീയ സംസ്ഥാന പാത-ജില്ലാ ഗ്രാമീണ പാതകൾ.

| | | |
|---|---|---|
| NH47 | തമിഴ്നാട് | - കേരളം |
| NH17 | മഹാരാഷ്ട്ര | - കേളം |
| NH2 | ഡൽഹി | - പ.ബംഗാൾ |
| NH3 | ഡൽഹി | - മഹാരാഷ്ട്ര |
| NH7 | യു.പി | - തമിഴ്നാട് |
| NH8 | ഡൽഹി | - മഹാരാഷ്ട്ര |
| NH5 | ഗുജറാത്ത് | - പഞ്ചാബ് |

**കേരളത്തിലെ ദേശീയ പാതകൾ**

| | | |
|---|---|---|
| NH17 | തലപ്പാടി | - ഇടപ്പള്ളി |
| NH47 | വാളയാർ | - കളിയിക്കാവിള |
| NH212 | കോഴിക്കോട് | - കല്ലിങ്കൽ |
| 213NH | കോഴിക്കോട് | - പാലക്കാട് |
| NH220 | കമ്പം | - തേനി |

**പ്രവർത്തനം 5**

റെയിൽവേ ബജറ്റുമായി ബന്ധപ്പെട്ട വാർത്തകൾ, മാധ്യമങ്ങൾ വരെ പ്രാധാന്യത്തോടെയാണ് നൽകിയത്. ഇത് ഇന്ത്യൻ സമൂഹത്തിൽ റെയിൽവേക്കുള്ള സ്ഥാനമാണ് വ്യക്തമാക്കുന്നത്. നമ്മുടെ ഗതാഗതോപാധികളിൽ റെയിൽവേക്കുള്ള പ്രാധാന്യം എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ച.

സൂചകൾ: മറ്റു ഗതാഗതോപാധികളിൽ റെയിൽവേക്കുള്ള സ്ഥാനം - പാതകൾ (ബ്രോഡ്ഗേജ്, മീറ്റർ ഗേജ്, നാരോഗേജ്) റെയിൽവേ മേഖലകൾ....

**പ്രവർത്തനം - 6**

തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ റെയിൽവേ മേഖലകൾ സ്ഥാന നിർണയം ചെയ്യുക.

**പ്രവർത്തനം - 7**

ഇന്ത്യയിലെ പ്രധാനപ്പെട്ട തുറമുഖങ്ങൾ കുട്ടികൾ വ്യക്തിഗതമായി ലിസ്റ്റ് ചെയ്ത് അവതരിപ്പിക്കുന്നു. കണ്ടെത്തിയവയെ ബംഗാൾ ഉൾക്കടൽ തീരത്തെന്നും (കിഴക്ക്) അറബിക്കടലിന്റെ തീരത്തെന്നും (പടിഞ്ഞാറ്) വേർതിരിച്ച് എഴുതുന്നു.

തുടർന്ന് ടി.ബി സഹായത്തോടെ വടക്കുനിന്ന് തെക്കോട്ട് എന്ന ക്രമത്തിൽ പട്ടികപ്പെടുത്തി സംസ്ഥാനങ്ങൾ എഴുതുന്നു.

**സൂചന:**

പാഠപുസ്തകത്തിലെ പ്രസക്ത ഭാഗങ്ങൾ

**പ്രവർത്തനം -8**

ഗൾഫ് രാജ്യത്ത് ജോലി ചെയ്യുന്ന വിജേഷിന്റെ അമ്മാവൻ യാത്ര ചെയ്യാൻ ഏത് ഗതാഗതോപാധിയാണ് ഉപയോഗപ്പെടുത്തിയിട്ടുണ്ടാവുക? എന്തായിരിക്കാം ഇതിനു കാരണം? കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു, ക്രോഡീകരിക്കുന്നു.

വ്യോമ ഗതാഗതം മറ്റെന്തെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു ? കണ്ടെത്തി അവതരിപ്പിക്കുന്നു.

കേരളത്തിൽ വിജേഷിന്റെ അമ്മാവന് ഗൾഫിലേക്ക് യാത്രചെയ്യാൻ സൗകര്യമുള്ള വിമാനത്താവളങ്ങൾ ഏതൊക്കെയാണ് ?

**സൂചന:**

അന്താരാഷ്ട്ര വിമാനത്താവളങ്ങളായ നെടുമ്പാശ്ശേരി, കരിപ്പൂർ, തിരുവനന്തപുരം.

ആഭ്യന്തര വ്യോമഗതാഗതം, അന്താരാഷ്ട്ര വ്യോമഗതാഗതം എന്നീ ആശയങ്ങളും കുട്ടികൾക്ക് നൽകുമല്ലോ?

**പ്രവർത്തനം - 9**

ഇന്ത്യയുടെ രൂപരേഖയിൽ താഴെ കൊടുത്തിരിക്കുന്ന അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ സ്ഥലങ്ങൾ സ്ഥാന നിർണയം ചെയ്യുക.

നെടുമ്പാശ്ശേരി, തിരുവനന്തപുരം, കരിപ്പൂർ, ചെന്നൈ, മുംബൈ, ന്യൂഡൽഹി, കൊൽക്കത്ത

**സൂചന:**

ടി.ബി യിലെ പ്രസക്ത ഭാഗം

**പ്രവർത്തനം - 10**

'ആധുനിക ലോകവും വാർത്താ വിനിമയവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുക.

**സൂചകം:**

പ്രധാന വാർത്താ വിനിമയോപാധികൾ വ്യക്തിഗതം - ബഹുജനം - സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം - ഗുണദോഷങ്ങൾ.

തുടർ പ്രവർത്തനങ്ങൾ

1. ഇന്ത്യയിലെ പരുത്തി പഞ്ചസാര കമ്പിളി എന്നീ വ്യവസായങ്ങളിൽ ഏത് സംസ്ഥാനത്ത് കേന്ദ്രീകരിച്ചിരിക്കുന്നുവെന്നും അത് എന്തെല്ലാം കാരണങ്ങളാലാണെന്നും കത്തെി ഇത്തരം വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും വിശദമാക്കുക.

2. ചില വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കൾ തഴെ കൊടുത്തിരിക്കുന്നു. ഇവ ഏതേത് വ്യവസായങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് കൃഷി അധിഷ്ഠിത വ്യവസായങ്ങൾ ധാതു അധിഷ്ഠിത വ്യവസായങ്ങൾ എന്നിങ്ങനെ വർഗീകരിക്കുക.

ഇരുമ്പയിര്, മാംഗനീസ്, മുള, ചണം, പട്ടുനൂൽ, ചുണ്ണാമ്പുകല്ല്, കൽക്കരി, ഡോളമൈറ്റ്, പരുത്തിനാര്, ചെമ്മരിയാടിന്റെ രോമം, ബോക്സൈറ്റ്, യൂക്കാലിപ്റ്റ്സ്, ജിപ്സം, റബ്ബർ, ചകിരി, കശുവി.

3. തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ പൂർവ്വ - പശ്ചിമ തീരങ്ങളിലെ പ്രധാന തുറമുഖങ്ങൾ, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ എന്നിവ സ്ഥാനനിർണയം ചെയ്യുക.

4. തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെ തന്നിരിക്കുന്ന റെയിൽവേ മേഖലകൾ സ്ഥാന നിർണയം ചെയ്യുക.

# പൊതു ധനകാര്യം

**ആമുഖം**

കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വരവു ചെലവുകളെക്കുറിച്ച് പ്രതിപാദിക്കുന്ന സാമ്പത്തിക ശാസ്ത്രമേഖലയാണ് പൊതുധനകാര്യം. ഗവൺമെന്റ് എങ്ങിനെ വരുമാനമുണ്ടാക്കുന്നുവെന്നും എങ്ങിനെ ചെലവഴിക്കുന്നുവെന്നും അതു വ്യക്തമാക്കുന്നു.

**പ്രവർത്തനം - 1**

ഇന്ത്യയിൽ പണപ്പെരുപ്പം ഇപ്പോൾ വർധിച്ചുകൊണ്ടിരിക്കുന്നു. നികുതി, ധനവിനിയോഗം കടമെടുക്കൽ തുടങ്ങിയവയെ സംബന്ധിച്ച് പണപ്പെരുപ്പ കാലത്തും പണച്ചുരുക്ക കാലത്തും ഗവൺമെന്റിന്റെ നയം എന്തായിരിക്കും?

**പണപ്പെരുപ്പം**

സാധനങ്ങൾക്ക് ദൗർലഭ്യവും പണത്തിന്റെ മൂല്യക്കുറവും ജനങ്ങളുടെ കൈയിൽ ധാരാളം പണം ഉണ്ടാകുന്നതുമായ സ്ഥിതിയാണ് പണപ്പെരുപ്പം. ഇതു വിലവർധനവിനു കാരണമാവും. ബാങ്കുകൾ അസാധാരണമായ തോതിൽ വായ്പ നൽകുന്നതു കൊണ്ടും പണപ്പെരുപ്പം ഉണ്ടാകുന്നു.

**പണച്ചുരുക്കം**

പണത്തിന്റെ മൂല്യം വർധിക്കുകയും സാധനങ്ങൾ വിപണിയിൽ ധാരാളം ലഭ്യമാക്കുകയും ജനങ്ങളുടെ കൈയിൽ പണം കുറവായിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പണച്ചുരുക്കം. ബാങ്കുകൾ വായ്പകൾ നൽകാതിരിക്കുമ്പോഴാണ് പണച്ചുരുക്കമുണ്ടാവുക.

നികുതി, ധനവിനിയോഗം, കടമെടുക്കൽ എന്നിവയെ സംബന്ധിച്ച സർക്കാറിന്റെ നയമാണ് ധനനയം.

| പണപ്പെരുപ്പ കാലത്ത് | പണച്ചുരുക്ക കാലത്ത് |
|---|---|
| നികുതി വർധിപ്പിക്കും | നികുതി കുറക്കാം |
| ധനവിനിയോഗം കുറക്കും | ധനവിനിയോഗം കൂട്ടും |
| കടമെടുപ്പ് വർധിപ്പിക്കും | കടമെടുപ്പ് കുറക്കും |

**പ്രവർത്തനം - 2**

പൊതുധനകാര്യവും സ്വകാര്യ ധനകാര്യവും തമ്മിൽ താരതമ്യം ചെയ്ത് താഴെ കൊടുത്തിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കുക.

| സൂചന | പൊതുധനകാര്യം | സ്വകാര്യ ധനകാര്യം |
|---|---|---|
| ചെലവഴിക്കുന്നതിന്റെ ലക്ഷ്യം | | |
| കടംവാങ്ങുന്ന ഉറവിടം | | |
| പരസ്യപ്പെടുത്തുന്ന രീതി | | |
| വരുമാനത്തിന്റെ അളവ് | | |

| പൊതുധനകാര്യം | സ്വകാര്യ ധനകാര്യം |
|---|---|
| സമൂഹത്തിന്റെ വികസനത്തിനും ക്ഷേമത്തിനും വേണ്ടി ചിലവഴിക്കുന്നു. | സ്വകാര്യ വ്യക്തികളുടെ ക്ഷേമത്തിനു വേണ്ടി ചെലവഴിക്കുന്നു |
| സർക്കാരിന് വിദേശ രാജ്യങ്ങളിൽ നിന്നും കടം വാങ്ങാം | വിദേശ രാജ്യങ്ങളിൽ നിന്ന് കടം വാങ്ങാനുള്ള സാധ്യതകൾ പരിമിതമാണ് |
| സർക്കാരിന്റെ വരവു ചെലവുകൾക്ക് പരസ്യ സ്വഭാവമാണ് | വരവുകളും ചെലവുകളും പരസ്യമാക്കാറില്ല |
| പൊതു വരുമാനം നിശ്ചിതമല്ല | സ്വകാര്യ വരുമാനം നിശ്ചിതമാണ്. |

**പ്രവർത്തനം - 3**

ഇന്ത്യയുടെ പൊതുകടം വർധിക്കാനുള്ള ഒരു പ്രധാന കാരണമാണല്ലോ ജനസംഖ്യാ വർധനവ് എന്നുള്ള ചോദ്യം കുട്ടികൾക്കു മുമ്പിൽ ഉന്നയിക്കുന്നു. ഗ്രൂപ്പുകളായി മറ്റു കാരണങ്ങൾ എന്തൊക്കെയാണെന്ന് ക്ലാസിലുള്ള ചർച്ചയിലൂടെ (നൽകിയിട്ടുള്ള കുറിപ്പുകളുടെ അടിസ്ഥാനത്തിൽ) കണ്ടെത്തുന്നു. അധ്യാപകന്റെ സഹായത്തോടെ ക്രോഡീകരണം നടത്തുന്നു - ചാർട്ട് ചെയ്യുന്നു.

**സൂചന:**

- വർധിച്ച സൈനിക ചെലവുകൾ
- ജനാധിപത്യ പ്രക്രിയക്കുള്ള ചെലവുകൾ
- സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ
- പ്രതിരോധ ചെലവുകൾ
- നീതിന്യായ ചെലവുകൾ
- ഇറക്കുമതി വർധനവ്
- ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പള ചെലവുകൾ
- ആരോഗ്യ ചെലവുകൾ
- വിദ്യാഭ്യാസ ചെലവുകൾ
- നഗരവത്കരണം
- വിലക്കയറ്റം
- പ്രകൃതിക്ഷോഭം നേരിടാൻ
- ഗവേഷണത്തിനും വികസന പ്രവർത്തനങ്ങൾക്കും
- തൊഴിൽ രഹിതർക്കുള്ള സഹായം

**പ്രവർത്തനം 4**

പഞ്ചായത്തിൽ അടച്ച കെട്ടിട നികുതിയുടെ രസീതും സ്റ്റേഷനറി കടയിൽ നിന്നും വാങ്ങിയ പേസ്റ്റ് കവറിലെ വിലയും ക്ലാസിൽ താരതമ്യം ചെയ്യുവാൻ അവസരം ഒരുക്കുന്നു. ആദ്യത്തേത് നേരിട്ട് (പ്രത്യക്ഷം) നൽകുകയും രണ്ടാമത്തേത് വിലയോടൊപ്പം (പരോക്ഷം) നൽകുകയും ചെയ്യുന്നതായി കുട്ടികൾ തിരിച്ചറിയുന്നു.

**നികുതി**

പൊതുതാത്പര്യത്തിനു വേണ്ടിയുള്ള ചെലവുകൾ വഹിക്കാൻ
വ്യക്തി നിർബന്ധമായും നൽകേണ്ട പണമാണ് നികുതി

പൊതുവരുമാനം

- നികുതി
  - പ്രത്യക്ഷ നികുതി
    - ആദായ നികുതി
    - കോർപ്പറേറ്റ് നികുതി
    - വസ്തു നികുതി
    - കെട്ടിട നികുതി
    - ഭൂനികുതി വാഹന നികുതി,
    - സമ്മാന നികുതി,
    - കാർഷിക നികുതി, തൊഴിൽ നികുതി
  - പരോക്ഷ നികുതി
    - വിൽപ്പന നികുതി
    - എക്സൈസ് നികുതി
    - കസ്റ്റംസ് നികുതി
    - വിനോദ നികുതി
    - മൂല്യവർധിത നികുതി
- നികുതിയേതര വരുമാനം
  - പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനം
  - പൊതു മുതലിൽ നിന്നുള്ള വരുമാനം
  - ഫീസ്
  - പിഴ
  - പ്രത്യേക ചുമത്തൽ (Special assessment)
  - ലാഭവിഹിതം
  - സർക്കാരിന് ലഭിക്കുന്ന ഗ്രാന്റുകൾ
  - രാജ്യത്തിനുള്ളിൽ നിന്നും വിദേശത്തു നിന്നും ലഭിക്കുന്ന വായ്പകൾ

**പ്രവർത്തനം – 5**

പ്രത്യക്ഷ പരോക്ഷ നികുതികൾ ക്ലാസിൽ താരതമ്യം ചെയ്യുകയും സവിശേഷതകൾ ഗ്രൂപ്പടിസ്ഥാനത്തിൽ വിലയിരുത്താനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. കുട്ടികളുടെ പ്രതികരണം അറിഞ്ഞശേഷം അധ്യാപകന്റെ സഹായത്തോടു കൂടി പ്രത്യേതകൾ കണ്ടെത്തുന്നു.

| പ്രത്യക്ഷ നികുതി | പരോക്ഷ നികുതി |
|---|---|
| 1. നികുതി നൽകുന്ന ആൾ തന്നെ നികുതി ഭാരവും വഹിക്കുന്നു.<br>2. സാമ്പത്തിക ശേഷി അടിസ്ഥാനമാക്കിയാണ് പ്രത്യക്ഷ നികുതി പിരിക്കുന്നത്<br>3. നികുതി പിരിവിന് ചെലവ് കൂടുതലായിരിക്കും<br>4. നികുതിയുടെ അടിസ്ഥാനം വികസിപ്പിച്ചും നികുതി നിരക്ക് വർധിപ്പിച്ചും വരവ് വർധിപ്പിക്കാം.<br>5. വരവ് ചെലവുകളുടെ കണക്ക് സൂക്ഷിക്കേണ്ടതിനാൽ നികുതിദായകന് അസൗകര്യം ഉണ്ടാക്കുന്നു.<br>6. പൗരബോധം വളർത്താൻ സഹായിക്കുന്നു<br>7. നികുതിയിൽ നിന്നു ലഭിക്കുന്ന വരവിനെക്കുറിച്ച് വ്യക്തമായ കണക്കുകൂട്ടലുകൾ സാധ്യമാണ്.<br>8. വരവ് മറച്ചുവെക്കാൻ നികുതി ദായകർ ശ്രമിച്ചേക്കാം. | 1. നികുതി നൽകുന്നതിൽ നിന്നും ഒഴിഞ്ഞു മാറാൻ സാധ്യമല്ല<br>2. ഒരു സാധനത്തിൽ നിന്നുളള നികുതി ഒഴിവാകണമെങ്കിൽ സാധനം വാങ്ങേണ്ട എന്നു തീരുമാനിക്കണം.<br>3. വിലയോടൊപ്പം നൽകുന്നതിനാൽ നികുതിദായകന് സൗകര്യപ്രദമാണ്.<br>4. ലഭിക്കുന്ന വരുമാനത്തെക്കുറിച്ച് കൃത്യമായ കണക്കുകൂട്ടലുകൾ താരതമ്യേന പ്രയാസമാണ്.<br>5. നികുതി വെട്ടിപ്പിനുള്ള പഴുതുകൾ കൂടുതലാണ്.<br>6. സമ്പന്നർക്കും ദരിദ്രർക്കും ഒരേപോലെ ബാധകമായാൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നില്ല.<br>7. നികുതി നൽകുന്ന ആൾക്കല്ല നികുതിയുടെ ഭാരം<br>8. നികുതി കൊടുക്കുന്നത് പലപ്പോഴും അറിയാറില്ല. |

## മൂല്യവർധിത നികുതി

***ഉല്പാദനത്തിന്റെയും വിൽപനയുടെയും ഓരോ ഘട്ടത്തിലും വരുന്ന മൂല്യ വർധനവിനെ അടിസ്ഥാനമാക്കി നികുതി നിശ്ചയിക്കുന്നതിനെ മൂല്യവർധിത നികുതി എന്നു പറയുന്നു.***

**പ്രവർത്തനം - 6**

ഒരു കർഷകൻ 2000 രൂപ ചെലവാക്കി വാഴ നട്ടു. കുല മൊത്ത കച്ചവടക്കാരന് 2800 രൂപക്ക് വിറ്റു. അയാൾ 3200 രൂപക്ക് ബേക്കറിക്കാരന് നൽകി. കമ്പോളത്തിൽ ബേക്കറിക്കാരൻ 3600 രൂപക്ക് വിറ്റു തീർത്തു എന്നിരിക്കട്ടെ. 10 ശതമാനം നികുതിയാണ് ഈടാക്കേണ്ടത്. ഓരോ ഘട്ടത്തിലും വർധിച്ച മൂല്യം, മൂല്യ വർധിത നികുതി എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു പട്ടിക തയ്യാറാക്കി (VAT)കണക്കാക്കുക.

| | മൂല്യം | വർധിച്ച മൂല്യം | നികുതി |
|---|---|---|---|
| അസംസ്കൃത വസ്തുവിന് ചെലവ് (കർഷകന്) | 2000 | - | 200 |
| മൊത്ത കച്ചവടക്കാരൻ | 2800 | 800 | 80 |
| ബേക്കറിക്കാരൻ | 3200 | 400 | 40 |
| ഉപഭോക്താവ് വാങ്ങുമ്പോൾ | 3600 | 400 | 40 |
| **ആകെ നികുതി** | | | 360 |

സൂചന: 10 ശതമാനം നിരക്കിൽ രൂപക്ക് 360 രൂപ വിൽപന നികുതി ഈടാക്കും. വാറ്റ് അനുസരിച്ച് ഘട്ടം ഘട്ടമായി ഈ തുക 200, 80, 40, 40 ഈ ക്രമത്തിൽ ഈടാക്കുന്നു എന്നുമാത്രം.

**പ്രവർത്തനം 7**

മൂല്യ വർധിത നികുതിയുടെ നേട്ടങ്ങളും കോട്ടങ്ങളും ചിട്ടപ്പെടുത്തുക

| മൂല്യവർധിത നികുതിയുടെ നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|
| | |

**സൂചന**

| നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|
| ⊙ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അനുയോജ്യമായത് വാറ്റാണ്.<br>⊙ വിവിധ ഘട്ടങ്ങളിലായി നികുതി നൽകുന്നതിനാൽ നികുതി വെട്ടിപ്പിനുള്ള അവസരങ്ങൾ കുറയുന്നു.<br>⊙ നികിതിയുടെ ആവർത്തന സ്വഭാവം ഒഴിവാക്കാം<br>⊙ ഉൽപാദനത്തേയും വ്യാപാരത്തേയും കുറിച്ച് കണക്കുകൾ ലഭ്യമാക്കാൻ സഹായിക്കുന്നു<br>⊙ കയറ്റുമതി വസ്തുക്കൾക്ക് നികുതിയിളവ് നൽകാൻ സൗകര്യമുള്ളതുകൊണ്ട് കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നു.<br>⊙ ഇതു നടപ്പാക്കാൻ എളുപ്പമാണ്. നികുതി ഒരു സ്ഥലത്ത് മാത്രം കേന്ദ്രീകരിക്കുന്നില്ല. പല സ്ഥാപനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു.<br>⊙ നികുതി പിരിക്കുന്നതിനുള്ള ചെലവ് കുറവാണ്. | ⊙ ഇത് ലളിതമായ നികുതി സമ്പ്രദായമല്ല പ്രത്യേകിച്ച് വികസ്വര രാജ്യങ്ങൾക്ക്<br>⊙ നികുതി പിരിവിന് ചെലവ് കൂടുതൽ<br>⊙ നികുതിദായകരുടെ സഹകരണത്തെ അടിസ്ഥാനമാക്കിയാണ് ഇതിന്റെ വിജയം. നികുതി വെട്ടിപ്പിന് സാധ്യതയുണ്ട്.<br>⊙ ചെറുകിട സ്ഥാപനങ്ങൾക്ക് കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടി വരുമ്പോൾ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും.<br>⊙ ബന്ധപ്പെട്ടവർ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടി വരുന്നു. |

**പ്രവർത്തനം – 8**

ആധുനിക കാലത്ത് ഗവ. ചെലവുകൾ വർധിക്കുന്നു. കാരണങ്ങൾ കണ്ടെത്തുക.

1. ക്ഷേമരാഷ്ട്രം (വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ)
2. ദേശരക്ഷ
3. ജനാധിപത്യം (തിരഞ്ഞെടുപ്പ് ചെലവ്, സഭകളെ പുലർത്തൽ
4. നഗരവത്കരണം
5. ജനസംഖ്യാ വർധനവ്
6. നാണ്യപ്പെരുപ്പം
7. വികസന ചെലവ് (റോഡുകൾ, റെയിൽവേ, അടിസ്ഥാന സൗകര്യങ്ങൾ)

**പ്രവർത്തനം – 9**

**ഗവ. നികുതി ഇതര വരുമാനങ്ങൾ**

1. ലാഭവിഹിതം (പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നുള്ളത്)
2. പൊതുമുതലിൽ നിന്നുള്ള ആദായം
3. സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലം
4. പലിശ
5. പിഴകൾ
6. പ്രത്യേക നികുതി ചുമത്തൽ
7. സർക്കാരിന് ലഭിക്കുന്ന ഗ്രാന്റുകൾ
8. വില (ശുദ്ധജല വിതരണം, ചാർജ്ജ്)

**പ്രവർത്തനം – 10**

**ധനനയം, ഉദ്ദേശ്യങ്ങൾ**

1. സത്വരമായ സാമ്പത്തിക വികസനം
2. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
3. അനാവശ്യമായ ചെലവുകൾ നിയന്ത്രിക്കൽ
4. ദാരിദ്ര്യ നിർമ്മാർജനം
5. കുത്തകകളെ നിയന്ത്രിക്കൽ
6. പണപ്പെരുപ്പ സമയത്ത് നികുതി വർധിപ്പിക്കുക.
7. പണചുരുക്ക സമയത്ത് നികുതി കുറയ്ക്കുക.

# തുടർ പ്രവർത്തനങ്ങൾ

ബഡ്ജറ്റ് കമ്മി (ഇന്ത്യയുടെ ) അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബഡ്ജറ്റിലെ കമ്മി നിയന്ത്രിക്കാൻ നിങ്ങൾക്ക് എന്ത് നിർദ്ദേശമാണ് നൽകാനുള്ളത്

സൂചന :

1. വായ്പകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം
2. പണം ഉല്പാദനപരമായി വിനിയോഗിക്കണം
3. ഗവൺമെന്റിന്റെ അനാവശ്യ ചെലവുകൾ നിയന്ത്രിക്കണം
4. മൂലധന നിക്ഷേപം വർദ്ധിപ്പിക്കണം
5. കയറ്റുമതി വർദ്ധിപ്പിക്കണം
6. നികുതി വെട്ടിപ്പ് തടയണം
7. ആഢംബര വസ്തുക്കളുടെ ഇറക്കുമതി നിയന്ത്രിക്കണം
8. പിരിഞ്ഞു കിട്ടേണ്ട നികുതികൾ കർശനമായി പിരിച്ചെടുക്കണം

## അന്തരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ

### ആമുഖം

ലോക മുതലാളിത്തം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി രൂക്ഷമാവുകയും മുതലാളിത്ത രാജ്യങ്ങളുടെ സാമ്പത്തിക ഭദ്രതയുടെ അടിത്തറ ഇളകി വരികയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ഇന്ന് ലോക സമ്പദ് ഘടനയുടെ മുഖമുദ്ര. ഉദാര വത്കരണ സ്വകാര്യ വൽകരണ ആഗോളീകരണ തന്ത്രങ്ങളിലൂടെ ആഗോളീകരണ ശക്തികൾ മൂന്നാം ലോക രാജ്യങ്ങളിൽ അധീശത്വമുറപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന പരിപാടികളും വിലയിരുത്തപ്പെടേണ്ടത് അനിവാര്യതയാണ്.